കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.13/2610/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി: 10.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എബികെ

നം.കെ.എസ്.എ.എം.പി.എം13/2610/2018

തിയ്യതി:10-12-2018

## മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.8.2017 മുതൽ 21.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22.10.2018മുതൽ 1.11.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി പി.എ. സീനത്ത് | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുൾ റഷീദ്.എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മൂസ.ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷജീർ.കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.വസീമ വേളേരി | 01.04.2017 മുതൽ 28.11.2017വരെ |
| ശ്രീ.പി.വി.മോഹനൻ (ചാർജ്) | 29.11.2017 മുതൽ 26.12.2017വരെ |
| ശ്രീമതി.ഷമീല ടി.സി. | 27.12.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.അന്ത്രു.എം.എം | 01.04.2017 മുതൽ 12.7..2017 വരെ |
| ശ്രീ.ദേവലാൽ.ബി(അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | 13.07.2017 മുതൽ 20.7..2017 വരെ |
| ശ്രീ.ബാബുരാജൻ, പി.വി | 21.7.2017 മുതൽ 4.8.2017 വരെ |
| ശ്രീ.ദേവലാൽ.ബി(അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | 5.8..2017 മുതൽ 6.9.2017 വരെ |
| ശ്രീ.രാജ്കുമാർ, | 7.9.2017മുതൽ 9.10.2017 വരെ |
| ശ്രീ.ദേവലാൽ.ബി(അസിസ്റ്റന്റ് സെക്രട്ടറി ഇൻ | 10.10.2017 മുതൽ1.12.2017 |

| | |
|---|---|
| ചാർജ്) | വരെ |
| ബിജു ബേബി, ജൂനിയർ സൂപ്രണ്ട് , ഇൻ ചാർജ്) | 2.12.2017 മുതൽ18.12.2017 വരെ |
| മുഹമ്മദ് ഷരീഫ് (അസിസ്റ്റന്റ് സെക്രട്ടറിഇൻചാർജ്) | 19.12.2017 മുതൽ7.1.2018 വരെ |
| ശ്രീ.രാജ്കുമാർ, | 8.1.2018 മുതൽ31.3.2018 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.മധുസൂദനൻനായർ | 01.04.2017 മുതൽ 31.3.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രു.സോമൻ.പി.വി | 01.04.2017 മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സഫിയ.പി | 01.04.2017 മുതൽ 31.3.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.പുരുഷോത്തമൻ | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.നിഷ.കെ | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രസന്നകമാരി | 01.04.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.അംഗിരസ.എസ് | 01.04.2017 മുതൽ 22.06.2017 വരെ |
| | ഡോ.ജലജ | 23.06.2017 മുതൽ 31.03.2017വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ശോഭനകമാരി | 01.04.2017 മുതൽ 31.03.2018വരെ |
| അസി.സെക്രട്ടറി | ശ്രീ.ദേവലാൽ | 01.04.2017 മുതൽ 1.12.2017വരെ |
| | ഒഴിവ് | 2.12.2017മുതൽ 10.12.2017വരെ |
| | മുഹമ്മദ് ഷരീഫ് | 11.12.2017 മുതൽ 7.1.2018 വരെ |
| | സുരേഷ് കുമാർ . പി.വി | 8.1.2018 മുതൽ 31.03.2018വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ്സ്&പേമെന്റ്സ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം (ACRപ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം - 2 | |
| 13 | വർഷങ്ങളായി വാടക കുടിശ്ശികയുള്ളവർക്ക് വീണ്ടും മുറി അനുവദിച്ചു: | 2-1 |
| 14 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്: | 2-2 |
| 15 | വാടകയിനത്തിൽ വൻ തുക കുടിശ്ശിക | 2-3 |
| 16 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-4 |
| 17 | വാടക ഈടാക്കിയതിൽ കുറവ് [ | 2-5 |
| 18 | ബിൽഡിങ് പെർമിറ്റ് ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 2-6 |
| 19 | വസ്തു നികുതി ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 2-7 |
| 20 | ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല | |
| | ഭാഗം -3 | |
| 21 | ചെല്ലൂർ GLP സ്കൂൾ മെയിന്റനൻസ് - കരാറുകാരന് അധിക തുക നൽകി | 3-1 |
| 22 | ചെല്ലൂർ GLP സ്കൂൾ ചുറ്റുമതിൽ നിർമ്മാണം - ചെങ്കൽ പടവിന് അധികനിരക്കിൽ തുക നൽകി . | 3-2 |
| 23 | കുറ്റിപ്പുറം ടൗൺ പ്രദേശങ്ങളിലെ ഓട നിർമ്മാണം - സൈഡ് വാൾ, ബെഡ് എന്നിവ റീ ഇൻഫോഴ്സ്ഡ് കോൺക്രീറ്റ് ചെയ്തത് അനുവദനീയമല്ല | 3-3 |
| 24 | കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണം(217/18) - കൺസൽട്ടന്റ് ഫീ നൽകിയത് - ആദായ നികുതി ഈടാക്കിയില്ല. | 3-4 |
| 25 | നടുവട്ടം GLP സ്കൂൾ മെയിന്റനൻസ് (90/18) - ട്രസ്സ് വർക്കിന് അധിക നിരക്കിൽ തുക നൽകി | 3-5 |
| 26 | റോഡ് നിർമ്മാണം - എർത്ത് ഫില്ലിങ് നിരക്ക് നൽകിയത് അനുവദനീയമല്ല | 3-6 |
| 27 | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് ടൗൺ തുറ ഓട മാലിന്യ സംസ്കരണം - അപാകത | 3-7 |
| 28 | SSA വിഹിതം അടവാക്കിയത് -രസീത് ഹാജരാക്കിയില്ല | 3-8 |
| 29 | ചെല്ലൂർ സബ്സെന്റർ മെയിന്റനൻസ് -30mm റൂഫിങ് ഷീറ്റിന് അധിക തുക നൽകി. | 3-9 |
| 30 | കുറ്റിപ്പുറം ടൗൺ പ്രദേശങ്ങളിലെ ഓട നിർമ്മാണം - സൈഡ് വാൾ പ്രവൃത്തി - സെന്ററിങ്ങിന് അധിക തുക നൽകി. | 3-10 |

| | | |
|---|---|---|
| 31 | അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-11 |
| 32 | ബേബി ഫ്രന്റ് ലി പഞ്ചായത്ത് -ഇൻകംടാക്സ് ഈടാക്കിയിട്ടില്ല. | 3-12 |
| 33 | വിട്ടു കിട്ടിയ സ്ഥാപനങ്ങളേക്ക് കമ്പ്യൂട്ടർ വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-13 |
| 34 | കുറ്റിപ്പുറം ഗ്രാമപഞ്ചായത്താഫീസിലേക്ക് വാട്ടർ ഫ്രീസർ വാങ്ങൽ -സ്റ്റോക്കിലെടുത്തിട്ടില്ല | 3-14 |
| 35 | കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് ഓഫീസ് കോൺഫ്രൻസ് ഹാളിലേക്ക് ഫർണീച്ചർ -എ.സി,അനുബന്ധസൌകര്യങ്ങൾ -പദ്ധതി ലക്ഷ്യ കൈവരിച്ചിട്ടില്ല. | 3-15 |
| 36 | ഡെപ്പോസിറ്റ് വർക്ക് -പൂർത്തീകരണവിവരം ലഭ്യമല്ല. | 3-16 |
| 37 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - മുഴുവൻ സ്ഥാപിച്ചതിന്റെ രേഖകളില്ല. | 3-17 |
| 38 | പെയിൻ &പാലിയേറ്റീവ് കെയർ പദ്ധതി -അപാകതകൾ | 3-18 |
| 39 | പട്ടികജാതിക്കാർക്ക് പി.വി.സി.വാട്ടർടാങ്ക് നൽകൽ -അപാകതകൾ | 3-19 |
| 40 | ജലസേചന പമ്പ് സെറ്റ് - വാങ്ങിയ രേഖകൾ ഹാജരാക്കാതെ സബ്സിഡി നൽകിയത് | 3-20 |
| 41 | MGNREGS പഞ്ചായത്തിന്റെ തനത്ഫണ്ടിൽനിന്നും നൽകിയ തുക തിരിച്ചടവാക്കാൻ അവശേഷിക്കുന്നു | 3-21 |
| 42 | വാർഡ് തല ശുചീകരണ പരിപാടി- ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്. | 3-22 |
| 32 | 3 ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു | 3-23 |
| 43 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല | 3-24 |
| 44 | ടിഷ്യു കൾച്ചർ വാഴത്തൈ വിതരണ പദ്ധതി അപാകതകൾ [ | 3-25 |
| 45 | കുടിവെള്ള വിതരണം - ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തതും മറ്റ് അപാകതകളും - സംബന്ധിച്ച് | 3-26 |
| | ഭാഗം-- 4 | |
| 46 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 47 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ [ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 49 | വായ്പ/വായ്പ തിരിച്ചടവ്. | 4-4 |
| 50 | സ്ഥിര നിക്ഷേപം | 4-5 |
| 51 | ഓഡിറ്റ് റിക്കവറി | 4-6 |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം [ | 4-7 |
| 53 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ വാർഷിക ബജറ്റ് 29-03-17തീയതിയിലെ 1(2)തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 20-06-2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27-06-18 മുതൽ 28-06-18 വരെ | കെ.എസ്.എ.എം.പി.എം 13/1562/18 തിയ്യതി. 09-08-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,22,56,731 |
| വരവ് | 9,05,69,910 |
| ആകെ | 10,28,26,641 |
| ചെലവ് | 8,97,06,790 |
| നീക്കിയിരിപ്പ് | 1,31,19,851 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 21327689 | 21327689 | 15401756 | 5925933 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9342291 | 9342291 | 7283511 | 2058780 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1177298 | 1177298 | 705844 | 471454 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5441483 | 5441483 | 5414056 | 27427 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9722829 | 9722829 | 8199072 | 1523757 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) സ്റ്റേറ്റ് | 0 | 485784 | 485784 | 166000 | 319784 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) സെൻട്രൽ | 0 | 3402078 | 3402078 | 2600558 | 801520 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| സാക്ഷരത | | 25674 | 956 | 26630 | 0 | 26630 |
| SBT വാറ്റ് | | 30478 | 0 | 0 | 0 | 30478 |
| SBT ഇ-മണൽ | | 864988 | 0 | 0 | 0 | 921302 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 15294504 | 15294504 | 15294504 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6135 | 920291 | 926426 | 923542 | 2884 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | SSA | 72265 | 3608293 | 3680558 | 3605701 | 74957 |
| | TSC | 1377210 | 51299 | 1428509 | 0 | 1428509 |
| | PYKA | 181176 | 6749 | 187925 | 0 | 187925 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | കുടുംബശ്രീ | 442352 | 28045 | 470397 | 11568 | 458829 |
| | ജലനിധി | 3041329 | 36289690 | 39331019 | 36905737 | 2425282 |
| | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2667000 | 2667000 | 1914871 | 752129 |
| | ജില്ലാ പഞ്ചായത്ത് | 0 | 100000 | 100000 | 100000 | 0 |
| ബി ഫണ്ട് | | 0 | 55374080 | 55374080 | 55374080 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 2836818 | 15701000 | 18537818 | 18693371 | -155553 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3121790 | 14981865 | 18103655 | 10244501 | 7859154 |
| | ട്രഷറി അക്കൗണ്ട് | 0 | 0 | 0 | 0 | 0 |
| | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 218 | 8,61,60,030 | 115 | 4,69,68,704 | 0 | 103 | 52.75 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6135 | 920291 | 926426 | 923542 | 2884 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 15294504 | 15294504 | 15294504 | 0 |
| ആകെ | 6135 | 16214795 | 16220930 | 16218046 | 2884 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 102480 | 75 |
| കർഷകതൊഴിലാളി പെൻഷൻ | 2719800 | 250 |
| വിധവാപെൻഷൻ | 18821400 | 1602 |
| വാർദ്ധക്യകാലപെൻഷൻ | 27165700 | 2182 |
| വികലാംഗപെൻഷൻ | 5255200 | 430 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 735500 | 61 |
| വിവാഹ ധനസഹായം | 420000 | 14 |
| നെല്ല് ഉൽപാദന ബോണസ് | 154000 | 208 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-10-18 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8451രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ , പരസ്യ നികുതി ഉൾപ്പെടെയുള്ളവ , കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2)2017-18 സാമ്പത്തിക വർഷത്തിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സാമ്പത്തിക വർഷം 29 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 14 തവണയും ക്ഷേമ കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 തവണയും മീറ്റിംഗ് ആരോഗ്യ വിദ്യാഭാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 തവണയും കൂടിയിട്ടുണ്ട്.

3)ടെന്റർ രജിസ്റ്ററിൽ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല.

4)വീട് റിപ്പയർ എസ്.സി പദ്ധതി പ്രകാരം ധനസഹായം നൽകിയ ഗുണഭോക്താക്കളിൽ ഒരു അപേക്ഷയിലും 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണം ഇല്ലെന്നുള്ള വിവരവും എട്ട് വർഷത്തെ കാലപ്പഴക്കമില്ലെന്നുള്ള വിവരവും ഫയലിൽ ചേർത്തിട്ടില്ല.

5)പഞ്ചായത്തിന്റ ആധികാരിക രേഖയായ ജനറൽ കമ്മിറ്റി മിനിട്സ് കോപ്പിയെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

6)ഗ്രാമ പഞ്ചായത്തിലേക്കും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലേക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന്

ആവശ്യമായ എണ്ണം തിട്ടപ്പെടുത്തി ഒരുമിച്ച് വാങ്ങൽ നടത്തുന്നതിന് പകരം പല പ്രോജക്ടുകളായി ക്വട്ടേഷൻ വിളിച്ച് പല നിരക്കിൽ കമ്പ്യൂട്ടറുകളും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങിയതായി കാണുന്നു.

7)ആകെയുള്ള 218 പ്രോജക്ടുകളിൽ 115 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. നടപ്പാക്കിയവയിൽ തന്നെ പലതും ഭാഗികമായാണ് നടപ്പാക്കിയിട്ടുള്ളത്.യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം പദ്ധതി നടപ്പാക്കുന്നതിന് ക്വട്ടേഷൻ വിളിക്കുകയും രണ്ട് സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.

8)വിവാഹധനസഹായത്തിന് ലഭിക്കുന്ന അപേക്ഷകൾ വിവാഹത്തിന് 15 ദിവസം മുൻപോ,വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ സ്വീകരിച്ചിരിക്കണം .എന്നാൽ അപേക്ഷകളിൽ തിയ്യതി രേഖപ്പെടുത്തുന്നില്ല.

9)നിശ്ചിത മാതൃകയിലുള്ള കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
10)യോഗ തിയ്യതികൾ തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന തിയ്യതികൾ രേഖപ്പെടുത്തിയിട്ടില്ല.12 മാസങ്ങളിലേയും വരവ് -ചെലവ് കണക്കുകൾ സെക്രട്ടറി തയ്യാറാക്കിയതിൻേറയും, ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റി അംഗീകരിച്ചതിൻേറയും തിയ്യതികൾ ചേർത്തിട്ടില്ല

11)കണക്കുകൾ, രേഖകൾ തയ്യാറാക്കൽ ,ജനസേവനം കാര്യക്ഷമമാക്കൽ വർക്കിംഗ് ഗ്രൂപ്പിൻെറ മിനിട്സ് എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല

12)തെരുവുവിളക്ക് വൈദ്യുതി ചാർജ് - റജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
13)HMCകൾ വാർഷികക്കണക്ക് സമർപ്പിച്ചതിൻേറയും, ഓഡിറ്റ് പൂർത്തിയായതിൻേറയും വിവരം ലഭ്യമാക്കിയിട്ടില്ല.
14)പൊതുടാപ്പുകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
15)സ്റ്റാൻറിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചതായി കാണുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17/10/18 | 1/9/18 to 30/9/18 | 17/10/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2007/08 to2011/12 | 10/12/12 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. വസ്തുനികുതി പരിശോധനയിൽ കണ്ട അപാകതകൾ :

എ) വസ്തുനികുതി - arrear

| | വാർഷികക്കണക്ക് പ്രകാരം | ലഭ്യമാക്കിയ രേഖകൾ പ്രകാരം |
|---|---|---|
| ഡിമാന്റ് | 4646287 | 4220052 |
| കലക്ഷൻ | 3504578 | 3374364 |
| ബാലൻസ് | 718458 | 845689 |

ബി) വസ്തുനികുതി - current

| | വാർഷികക്കണക്ക് പ്രകാരം | ലഭ്യമാക്കിയ രേഖകൾ പ്രകാരം |
|---|---|---|
| ഡിമാന്റ് | 4277275 | 4282827 |

| | | |
|---|---|---|
| കലക്ഷൻ | 3258732 | 3395466 |
| ബാലൻസ് | 679338 | 546663 |

സി) വാർഷികക്കണക്ക് പ്രകാരം (B-9) വസ്തുനികുതി ഇനത്തിൽ ലഭിച്ച അഡ്വാൻസ് തുക 715413 രൂപ ലഭ്യമാക്കിയ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. 2016-17ലെ കണക്കുകൾ പ്രകാരം 1108204രൂപ ബങ്കുകളുടെ വാടകക്കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. തൻവർഷത്തെ arrear collection 51722 രൂപയാണ്.ആയത് പ്രകാരം 2017-18 ൽ പിരിച്ചെടുക്കാനവശേഷിക്കുന്നത് 1056482 രൂപയാണ്. എന്നാൽ AFS പ്രകാരം ആയത് 467505 രൂപ മാത്രമാണ്.

3. വാർഷികക്കണക്ക് (RP-43) പ്രകാരം ബസ്റ്റാൻറ് റസീപ്റ്റ് 258109രൂപയും, കംഫർട്ട് സ്റ്റേഷൻ റസീപ്റ്റ് 72000രൂപയും ഉണ്ട്. ഇവയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. 2016-17ൽ ലഭിച്ച അഡ്വാൻസ് തുക ഉൾപ്പടെ തൊഴിൽനികുതി (traders) ഇനത്തിലുള്ള current demand 586229 എന്നതിനു പകരം 552319 എന്നാണ് വാർഷികക്കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

5. വാർഷികക്കണക്ക് (B-9) പ്രകാരം തൊഴിൽ നികുതി ഇനത്തിൽ 2018-19 ലേക്ക് ലഭിച്ച അഡ്വാൻസ് തുക 377170രൂപ റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

6. ഡി & ഒ ലൈസൻസ് ഫീസ് ഇനത്തിൽ 2016-17ൽ ലഭിച്ച അഡ്വാൻസ് തുക 100550രൂപ , 2017-18ൽ collect ചെയ്ത തുക 70420 രൂപ എന്നിവ ചേർത്ത് 2017-18ലെ ഡിമാൻറ് 170970 രൂപയാണ്. എന്നാൽ വാർഷികക്കണക്കിൽ ആയത് 155650 രൂപ എന്നാണ് ചേർത്തിരിക്കുന്നത്.

7. ബാലൻസ്ഷീറ്റ്(B-9) പ്രകാരം 2018-19ലേക്ക് ലഭിച്ച ഡി & ഒ ലൈസൻസ് ഫീസ് advance തുക 209475രൂപ റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

8. ടെണ്ടർ ഫോറം വില : തൻവർഷ കലക്ഷൻ

റജിസ്റ്റർ പ്രകാരം - 63720

വാർഷികക്കണക്ക് പ്രകാരം - 106054

9. water charge - വാർഷികക്കണക്ക് പ്രകാരം 75310രൂപ വരവുണ്ട്.ആയതിൻെറ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

10. NREGA : ആകെ ചെലവ്

വാർഷികക്കണക്ക് പ്രകാരം - 1,62,18,046

ലഭ്യമാക്കിയ രേഖകൾ പ്രകാരം - 1,52,05,000

11. unemployment allowance :

വാർഷികക്കണക്ക് പ്രകാരം - 102480

ലഭ്യമാക്കിയ രേഖകൾ പ്രകാരം - 44520

12. Paddy production bonus ഇനത്തിൽ ലഭിച്ച 154000 രൂപ വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. ബാലൻസ്ഷീറ്റ്(B-18) പ്രകാരം festival advance ഇനത്തിൽ തിരികെ ലഭിക്കാനുള്ള തുക 12,000 രൂപയാണ്. എന്നാൽ അഡ്വാൻസ് റജിസ്റ്റർ പ്രകാരം ആയത് 15,000 രൂപയാണ്. ബാലൻസ്ഷീറ്റ് schedule B-18ൽ ഉൾപ്പെട്ട മറ്റു advance തുകകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുമില്ല.

14. ഡവലപ്പ്മെൻറ് ഫണ്ട് (ജനറൽ) - വരവ്

വാർഷികക്കണക്ക് പ്രകാരം - 15401756

A.C.R. പ്രകാരം - 15536250

15. S.B.I. തനത് ഫണ്ട് നീക്കിയിരിപ്പ് -

വാർഷികക്കണക്ക് പ്രകാരം - 7763789

പാസ്ബുക്ക് പ്രകാരം - 6467105

ബാങ്ക് ബുക്കും റികൺസീലിയേഷൻ സ്റ്റേറ്റ്മെൻറും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

16. S.B.I.(VAT) അക്കൗണ്ടിൽ വാർഷികക്കണക്ക് പ്രകാരം 30478 രൂപ ബാലൻസ് ഉണ്ട്. ആയതിൻെറ ബാങ്ക് ബുക്കും റികൺസീലിയേഷൻ സ്റ്റേറ്റ്മെൻറും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

17. treasury special TSB(joint venture) അക്കൗണ്ടിൽ വാർഷികക്കണക്ക് പ്രകാരം 1088975 രൂപയും, ബാങ്ക്ബുക്ക് പ്രകാരം 1100975 രൂപയും ബാലൻസ് ഉണ്ട്. ആയതിൻെറ റികൺസീലിയേഷൻ സ്റ്റേറ്റ്മെൻറ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

18. ജനറൽ പർപ്പസ് ഗ്രാൻറിൻെറ VPFA I-II അക്കൗണ്ടിൽ നെഗറ്റീവ് ബാലൻസ് ആയാണ് (-155553) വാർഷികക്കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

19. കാഷ് ബാലൻസ് തുകയും നെഗറ്റീവ് ആയാണ് (-1231555) വാർഷികക്കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

20. ബാങ്ക് ബുക്കുകൾ മാസംതോറും റികൺസീലിയേഷൻ നടത്തിയിട്ടില്ല.

21. ബാലൻസ്ഷീറ്റ്(B-12) പ്രകാരം 55000 രൂപ investment ഉണ്ട്. ആയതിൻെറ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

22. ബാലൻസ്ഷീറ്റ്(B-9) പ്രകാരം 38270 രൂപ stale cheque ഇനത്തിൽ liability ആയി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ചെക്കുകളൊന്നും പണമാക്കാനവശേഷിക്കുന്നില്ല.

23. അസറ്റ് റജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

24. പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുകകൾക്ക് provision രേഖപ്പെടുത്തിയിട്ടില്ല.

25. മുൻ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

26.തൊഴിൽ രഹിത വേതനം ഇനത്തിൽ തൻവർഷം ആകെ 44520/- രൂപമാത്രമാണ് ചെലവ് വന്നിട്ടുള്ളത്. എന്നാൽ വാർഷികകണക്കിൽ 102480/ രൂയാണ് .വാർഷികകണക്കിൽ ഇപ്രകാരം വ്യതിയാനം വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വർഷങ്ങളായി വാടക കുടിശ്ശികയുള്ളവർക്ക് വീണ്ടും മുറി അനുവദിച്ചു:

വാടക കുടിശ്ശികയുള്ളവർക്ക് തുടർ വർഷത്തിൽ കടമുറി വാടകക്ക് നൽകില്ല എന്ന വാടക കരാറിന് വിപരീതമായി, വർഷങ്ങളായി വാടക നൽകുകയോ , കരാർ പുതുക്കുകയോ ചെയ്യാത്ത താഴെ സൂചിപ്പിക്കുന്ന വ്യക്തികൾക്ക് 2017-18വർഷത്തിൽ വീണ്ടും കടമുറി അനുവദിച്ചത് വഴി ഗ്രാമ പഞ്ചായത്തിന് 2017-18 വർഷത്തിൽ പ്രസ്തുത മുറികളുടെ വാടകയിനത്തിൽ 13032 രൂപ നഷ്ടം സംഭവിച്ചു. വർഷങ്ങളുടെ വാടക കുടിശ്ശിക ഈടാക്കണമെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടും , വർഷങ്ങളായി വാടക നൽകുകയോ , കരാർ പുതുക്കുകയോ ചെയ്യാത്ത പ്രസ്തുത വ്യക്തികൾക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആയതിനാൽ 2017-18 വർഷത്തിൽ പ്രസ്തുത മുറികളുടെ വാടകയിനത്തിൽ നഷ്ടം സംഭവിച്ച 13032 രൂപ, 2017-18 വർഷത്തേക്കുള്ള വാടക കരാർ പുതുക്കി നൽകേണ്ട കാലയളവിലെ സെക്രട്ടറി (ശ്രീ.അന്ത്രു. എ.എം.)യിൽ നിന്നും ഈടാക്കേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരമുള്ള മുഴുവൻ കുടിശ്ശികയും ഈടാക്കി മുറികൾ പുനർലേലം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിശദ വിവരം ചുവടെ

| കെട്ടിടനം | പേര്, വിലാസം | മാസ വാടക | കുടിശ്ശികയുള്ള കാലയളവ് | കുടിശ്ശികയുള്ള വാടക | S/T | GST | ആകെ |
|---|---|---|---|---|---|---|---|
| FF 2 | പ്രസിഡൻറ്/ സെക്രട്ടറി, മുസ്ലിം കൾച്ചറൽ സൊസൈറ്റി | 500 | 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ | 6000 | 216 | 810 | 7026 |

| | | | | | | | |
|---|---|---|---|---|---|---|---|
| FF 8 | സെക്രട്ടറി, സി.പി.ഐ.എം, ഓഫീസ്, കുറ്റിപ്പുറം | 428 | 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ | 5136 | 186 | 684 | 6006 |
| ആകെ | | | | 11136 | 402 | 1494 | 13032 |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-26/ 31.10. 2018) മറുപടി നൽകിയിട്ടില്ല.

## 2-2 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്:

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അനുസരിച്ച് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുണ്ട്. കുറവുള്ളത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-10/25 .10. 2018) മറുപടി നൽകിയിട്ടില്ല.

| ക്രമ.നം | സ്ഥാപനം/ അപേക്ഷ നം | വിറ്റുവരവ് | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കിയത് / തിയ്യതി | കുറവ് |
|---|---|---|---|---|---|
| 1 | അൻരജ്ജു സ്റ്റീൽസ് / 13 | 25000 | 500 | 300 / 1.4.2017 | 200 |
| 2 | അൻരജ്ജു ഫ്യൂവൽസ് / 17 | 100,000 | 2000 | 1500 / 10.4.2017 | 500 |
| 3 | പലചരക്ക്, അബ്ദു റഹിമാൻ പൊറ്റാരത്ത് /54 | 20,000 | 500 | 300 / 28.2.2017 | 200 |
| 4 | പാരിസൺ മില്ലിങ് കോ.ഓ.ലി. /63 | 10,00,000 | 4000 | 2000 / 22.02.2017 | 2000 |
| 5 | പെട്രോൾ പമ്പ്, ബീന. എ.പി / 131 | 100,000 | 2000 | 1500 / 12.4.2017 | 500 |
| ആകെ കുറവ് | | | | | 3400 |

## 2-3 വാടകയിനത്തിൽ വൻ തുക കുടിശ്ശിക

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാടക കൃത്യമായി ഈടാക്കിയിട്ടില്ല. 2017-18 വർഷത്തിൽ മാത്രം ഈ ഇനത്തിൽ താഴെ സൂചിപ്പിക്കും പ്രകാരം 383995 രൂപ കുടിശ്ശികയുണ്ട്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 9/ 29.10. 2018 ) മറുപടി നൽകിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

വിശദ വിവരം ചുവടെ

| ബങ്ക്/ കെട്ടിട നം | പേര്, വിലാസം | മാസ വാടക | കുടിശ്ശികയുള്ള കാലയളവ് | കുടിശ്ശികയുള്ള വാടക | S/T | GST | ആകെ |
|---|---|---|---|---|---|---|---|
| 115 | അബ്ദുൽ റാഫി, പാറത്തൊടിയിൽ | 2315 | 2017 സെപ്റ്റംബർ മുതൽ 2018 മാർച്ച് വരെ (7 മാസം) | 16205 | | 2926 | 19131 |
| 124 | സി.കെ. മുഹമ്മദ് ചെങ്ങനക്കാട്ടിൽ | 5703 | ഒക്ടോബർ2017,നവമ്പർ 2017 (2 മാസം) | 11406 | | 1052 | 12458 |
| 125 | ഉസ്മാൻ തോട്ടത്തിൽ | 6206 | 2017 ഏപ്രിൽ | 6206 | 900 | | 7106 |

| | | | | | | | |
|---|---|---|---|---|---|---|---|
| 126 | സൈതലവി തോട്ടത്തിൽ | 6244 | 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ (12 മാസം) | 74928 | 2715 | 10116 | 87759 |
| 134 | അഷ്റഫ്, മൊയ്തു വളപ്പിൽ | 4893 | ഒക്ടോബർ2017,നവമ്പർ 2017 | 9786 | | 1760 | 11546 |
| 136 | രാമചന്ദ്രൻ , നന്നമ്പത്ത് മേലേതിൽ | 5120 | ഒക്ടോബർ2017-നവമ്പർ 2017 | 10240 | | 1844 | 12084 |
| 138 | അഷ്റഫ്, വെളുത്ത പറമ്പിൽ | 16150 | 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ (12 മാസം) | 193800 | 7026 | 26154 | 226980 |
| 140 | അബ്ദുസ്സലാം പുതിയണ്ടം | 4811 | നവമ്പർ 2017 | 4811 | | 866 | 5677 |
| GF 12 | വേണുഗോപാലൻ, പീടികപ്പുറത്ത് മേലേതിൽ | 1094 | 2018 മാർച്ച് | 1094 | | 160 | 1254 |
| ആകെ | | | | 328476 | 10641 | 44878 | 383995 |

## 2-4 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | സീനത്ത് സിൽക്സ്, കുറ്റിപ്പുറം | 2017-18 രണ്ട് |
| 2. | എം.എം.എം.ഹൈസ്കൂൾ, മൂടാൽ | 2017-18 രണ്ട് |
| 3. | കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ, കുറ്റിപ്പുറം | 2017-18 രണ്ട് |
| 4. | PWD എൻ.എച്.സെക്ഷൻ, കുറ്റിപ്പുറം | 2017-18 രണ്ട് |
| 5. | എസ്.ബി.ഐ.കുറ്റിപ്പുറം ടൗൺ ബ്രാഞ്ച് | 2017-18 രണ്ട് |
| 6. | ആയുർജീവ ആയുർവ്വേദിക് ട്രീറ്റ്മെന്റ് | 2017-18 രണ്ട് |
| 7. | ഹോട്ടൽ സർക്കാർ, കുറ്റിപ്പുറം | 2017-18 രണ്ട് |
| 8. | MGNREGS , കുറ്റിപ്പുറം | 2017-18 രണ്ട് |
| 9. | പി&എൻ ഓട്ടോമോട്ടീവ് മാർക്കെറ്റിങ്, , കുറ്റിപ്പുറം | 2017-18 രണ്ട് |

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | മുത്തൂറ്റ് ഫിനാൻസ് , കുറ്റിപ്പുറം | 2017-18 രണ്ട് |
| 2. | എസ്.ബി.ഐ. , കുറ്റിപ്പുറം | 2017-18 രണ്ട് |
| 3. | കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്ക്, , കുറ്റിപ്പുറം | 2017-18 ഒന്നും രണ്ടും |

| | | |
|---|---|---|
| 4. | സീനത്ത് സിൽക്സ്, കുറ്റിപ്പുറം | 2017-18 ഒന്നും രണ്ടും |
| 5. | പോപ്പുലർ മോർട്ടേഴ്സ് | 2017-18 ഒന്നും രണ്ടും |
| 6. | ബാലൻ & മോഹൻ എച്.പി.സി. ഡീലേഴസ് , കുറ്റിപ്പുറം | 2017-18 ഒന്നും രണ്ടും |
| 7. | സപ്ലൈകോ, മൂച്ചിക്കൽ | 2017-18 ഒന്നും രണ്ടും |
| 8. | മണപ്പുറം ഫിനാൻസ് | 2017-18 ഒന്ന് |
| 9. | അൻരഞ്ജു ഫ്യുവൽസ്, പെട്രോൾ പമ്പ് | 2017-18 ഒന്നും രണ്ടും |
| 10. | ബീന.എ.പി , പെട്രോൾ പമ്പ് | 2017-18 ഒന്നും രണ്ടും |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-12/ 29.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-5 വാടക ഈടാക്കിയതിൽ കുറവ്

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കിയതിൽ കുറവുണ്ട്. കുറവുള്ളത് ഈടാക്കി ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്. വിശദ വിവരം ചുവടെ.

| കെട്ടിട നം | പേര്, വിലാസം | കുറവായി ഈടാക്കിയ കാലയളവ് | ഈടാക്കേണ്ട വാടക | ഈടാക്കിയ വാടക | വാടക ഈടാക്കിയ രസീതി നം/ തിയ്യതി | വാടക ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|
| 124 | സി.കെ. മുഹമ്മദ് ചെങ്ങനക്കാട്ടിൽ | ഓഗസ്റ്റ് 2017 | 5703 | 5432 | 117080103116/ 17.08.2017 | 271 |
| 128 | മണികണ്ഠൻ, കുമ്പലപ്പറമ്പിൽ | 2017 ഏപ്രിൽ | 128 | 0 | 117080100977 / 10.05.2017 | 128 |
| GF 12 | വേണുഗോപാലൻ, പീടികപ്പുറത്ത് മേലേതിൽ | 2017 ഏപ്രിൽ മുതൽ 2017 ഓഗസ്റ്റ് വരെ | 1094x5 = 5470 | 1042x5 =5210 | 117080103489/ 24.08.2017 | 260 |
| ആകെ | | | | | | 659 |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 9/ 29.10. 2018 ) മറുപടി നൽകിയിട്ടില്ല.

## 2-6 ബിൽഡിങ് പെർമിറ്റ് ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2017-18 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റിന് 306 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. (218 വാസഗൃഹവും 20 വാണിജ്യാവശ്യത്തിനുള്ള കെട്ടിടവും ഉൾപ്പെടെ). 2017-18 വർഷത്തെ ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പെർമിറ്റ് ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-11/ 29.10.2018) മറുപടി നൽകിയിട്ടില്ല. 2017-18 വർഷത്തെ ബിൽഡിങ് പെർമിറ്റ് ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-7 വസ്തു നികുതി ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

നിർമ്മാണം പൂർത്തീകരിച്ച് 2017-18 വർഷത്തിൽ കെട്ടിടനമ്പർ അനുവദിച്ച 100 ച.മീറ്ററിൽ കൂടുതൽ ആകെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കാൻ അവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-10/29.10.2018) മറുപടി നൽകിയിട്ടില്ല. 2017-18 വർഷത്തെ വസ്തു നികുതി ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-8 ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

ഓഡിറ്റ് വർഷം ഇ – ടെണ്ടർ മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ക്ഷണിച്ചിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ജില്ലാ പഞ്ചായത്തിലുള്ള അക്കൗണ്ടിലാണ് ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോം വില കരാറുകാർ അടവാക്കുന്നത്. ഈ തുക ഗ്രാമ പഞ്ചായത്തിന് ലഭ്യമാവുന്നതിന് ഗ്രാമ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രസ്തുത തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട വരുമാനം നഷ്ടമാവുന്നില്ല എന്ന് ഉറപ്പ് വരുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

2.10.2017 ലെ സ.ഉ (സാധാ) നമ്പർ 3186/17 നമ്പർ ഉത്തരവ് പ്രകാരം ഈ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു അക്കൗണ്ട് ആരംഭിക്കുന്നതിന് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുള്ളതാണ്. ഭാവിയിൽ ഗ്രാമ പഞ്ചായത്തിലെ ഈ ടെണ്ടർ മുഖേനയുള്ള പ്രൊജക്ടുകളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ മാത്രം അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇ – ടെണ്ടർ മുഖേന നടപ്പിലാക്കിയ ഏതാനും പ്രൊജക്ടുകളും അവയുടെ ടെണ്ടർ ഫോം വിലയും ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അടങ്കൽ | ലഭ്യമായ ടെണ്ടറുകൾ | ടെണ്ടർഫോം വില | ആകെ |
|---|---|---|---|---|
| കുറ്റിപ്പുറം ടൗൺ പ്രദേശങ്ങളിലെ ഓട നിർമ്മാണം, അഭിവൃദ്ധിപ്പെടുത്തൽ (49/18) | 1200000 | 4 | 2500 | 10000 |
| GLP സ്കൂൾ കുറ്റിപ്പുറം നോർത്ത് ചുറ്റുമതിൽ നിർമ്മാണം (55/18) | 500000 | 3 | 1000 | 3000 |
| കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് വിവിധ സ്കൂളുകളിൽ ഷീ ടോയ്‌ലറ്റ് നിർമ്മാണം (156/18) | 1000000 | 1 | 2000 | 2000 |
| ഹോമിയോ ഡിസ്പെൻസറി മെയിന്റനൻസ് (146/18) | 500000 | 1 | 1000 | 1000 |
| ബഡ്സ് സ്കൂൾ ഫിസിയോ തെറാപ്പി സെന്റർ കെട്ടിട നിർമ്മാണം (204/18) | 700000 | 2 | 1400 | 2800 |
| അത്താണിക്കൽ 109-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം (215/18) | 600000 | 2 | 1200 | 2400 |
| പാൽകുഴി SC കോളനി റോഡ് | 635000 | 2 | 1270 | 2540 |

| | | | | |
|---|---|---|---|---|
| അഭിവൃദ്ധിപ്പെടുത്തൽ (222/18) | | | | |
| പൈങ്കണ്ണൂർ അംഗൻവാടി കെട്ടിട നിർമ്മാണ പൂർത്തീകരണം (236/18) | 700000 | 2 | 1400 | 2800 |
| ആകെ | | | | 26540 |

ഓഡിറ്റ് എൻക്വയറി 16/29.10.2018 നൽകിയതിന് ടെണ്ടർ ഫോം വില തനത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് 30.11.2018 നകം നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെല്ലൂർ GLP സ്കൂൾ മെയിന്റനൻസ് - കരാറുകാരന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ 15- ാം ഇനമായി സ്കൂളിന്റെ മേൽക്കൂരയിൽ 50mm*25mm കനത്തിലുള്ള ആഞ്ഞിലി മരത്തിന്റെ റീപ്പർ സ്ഥാപിക്കുന്നതിന് 94139.55/$m^3$ നിരക്കിൽ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. അളവ് പുസ്തകം പേജ് 23 ലെ രേഖപ്പെടുത്തൽ പ്രകാരം 12.30 മീറ്റർ നീളത്തിലാണ് ആകെ റീപ്പർ സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത അളവ് 12.30m*0.50m*0.25m = 1.54 $m^3$ എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. 50 സെന്റീമീറ്റർ വീതിയും 25 സെന്റീമീറ്റർ കനവുമുള്ള റീപ്പർ അവിടെ മേൽക്കൂരയിൽ സ്ഥാപിച്ചിട്ടില്ല എന്ന് 27.10.2018 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തിയപ്പോൾ ബോധ്യപ്പെട്ടു. യഥാർത്ഥത്തിൽ 12.30*0.05*0.025=0.0153 $m^3$ ആണ് റീപ്പറിന്റെ അളവ്. ഇപ്രകാരം തെറ്റായി അളവ് രേഖപ്പെടുത്തി തുക നൽകിയത് വഴി 102867 രൂപ കരാറുകാരന് അധികം നൽകാനിടയായിട്ടുണ്ട്. .

അധിക തുക അടവാക്കണമെന്ന് കാണിച്ച് 2/25.10.2018 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്കൂളിന്റെ ഓഫീസ് റൂമിന്റെ മേൽക്കൂരയിലെ മുഴുവൻ റീപ്പറുകളും മാറ്റിയിട്ടുണ്ടെന്നും ആയതിന്റെ ആകെ അളവ് 0.153/$m^3$ ( 122.4M*0.05M*0.025M) ആണെന്നും പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ച അക്കാലത്തെ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

ചുവടെ കാണിച്ച കാരണങ്ങളാൽ മറുപടി സ്വീകാര്യമല്ല.

1.ഒരു മീറ്റർ നീളത്തിൽ 8 റീപ്പർ മാറ്റുവാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 12.30 മീറ്റർ ആണ് പ്രവൃത്തി ചെയ്തത്. എസ്റ്റിമേറ്റ് പ്രകാരമുള്ളതിലും 4.30 മീറ്റർ അധികം ചെയ്തു എന്ന് അസി.എഞ്ചിനീയർ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി, ചെക്ക് മെഷർ ചെയ്ത അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയത് സാക്ഷ്യപ്പെടുത്തുകയും ചെയ്തു എന്നതിൽ നിന്ന് യഥാർത്ഥത്തിൽ ചെയ്ത അളവ് തന്നെയാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയത് എന്ന് വ്യക്തമാകുന്നതാണ്.

2. എസ്റ്റിമേറ്റിലും 15 ഇരട്ടിയിലധികം അധികരിച്ച് പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഇപ്പോഴത്തെ മറുപടി അവിശ്വസനീയമാണ്. അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ നിയമാനുസൃതം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായിരുന്നു. ഈ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

3. 27.10.2018 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തി. 6.3.2017 നാണ് പ്രവൃത്തിയുടെ അളവ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ്. പ്രവൃത്തി നിർവ്വഹിച്ച് ഒന്നര വർഷം കഴിഞ്ഞതിനാൽ മുഴുവൻ റീപ്പറുകളും മാറ്റി എന്നത് പരിശോധിച്ച് ബോധ്യപ്പെടാനായിട്ടില്ല.

എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇനം 15 (DSR 50.9.14.1) അക്ഷരത്തിൽ എഴുതിയപ്പോൾ 50mm*25mm കനത്തിലുള്ള ആഞ്ഞിലി മരത്തിന്റെ റീപ്പർ എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊട്ട് താഴെ അളവ് രേഖപ്പെടുത്തിയപ്പോൾ 8*1*0.50*0.25 എന്ന് തെറ്റായാണ് രേഖപ്പെടുത്തിയത്.

അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ, അല്ലാത്തപക്ഷം തെറ്റായി അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, മേലളവ് എടുത്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായോ ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | യഥാർത്ഥ | നല്കാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | അളവ് | (11.50% ടെണ്ടർ കുറവിന് ശേഷം) | (11.50% ടെണ്ടർ കുറവിന് ശേഷം) | |
| ചെല്ലൂർ GLP സ്കൂൾ മെയിന്റനൻസ് (93/18) ബിൽ 3/29.6.2017<br>തുക 317538<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 6/16-17<br>കരാറുകാരൻ ശ്രീ. PM പുരുഷോത്തമൻ | 0.0153 $m^3$ | 1275<br>@ 94139.55/$m^3$ | 104142<br>@ 94139.55/$m^3$<br>(1.25$m^3$ ന് പരിമിതപ്പെടുത്തി നൽകിയത് ) | 102867 |

## 3-2 ചെല്ലൂർ GLP സ്കൂൾ ചുറ്റുമതിൽ നിർമ്മാണം - ചെങ്കൽ പടവിന് അധികനിരക്കിൽ തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ 6- ാം ഇനമായി സ്കൂളിന്റെ ചുറ്റുമതിൽ ചെങ്കല്ല് ഉപയോഗിച്ച് പടവ് ചെയ്യതിന് DSR 50.6.7.3 പ്രകാരമുള്ള 7181.06/$m^3$ നിരക്കാണ് കരാറുകാരന് അനുവദിച്ച് നൽകിയിട്ടുള്ളത്. ഈ നിരക്ക് കെട്ടിടങ്ങളുടെ 3-ാം നില മുതൽ 5-ാം നിലവരെയുള്ള പടവിന് നൽകുന്ന നിരക്കാണ്. തറ നിരപ്പിന് മുകളിൽ 2-ാം നിലവരെയുള്ള പടവിന് ബാധകമായത് DSR 50.6.7.2പ്രകാരമുള്ള നിരക്കാണ്. (6592.99$m^3$)

27.10.2018 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തിയപ്പോൾ ചുറ്റുമതിലിന് അത്രയും ഉയരമില്ലെന്നും തറ നിരപ്പിന് മുകളിൽ ചുറ്റുമതിൽ കെട്ടിയതാണെന്നും മനസ്സിലായി.

ഇപ്രകാരം തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് വഴി കരാറുകാരന് അധികം തുക നൽകാനിടയായിട്ടുണ്ട്. അധികം നൽകിയ 13824 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നല്കാവുന്ന തുക<br>(16.70% ടെണ്ടർ കുറവിന് ശേഷം) | നൽകിയ തുക<br>(16.70% ടെണ്ടർ കുറവിന് ശേഷം) | അധികം |
|---|---|---|---|---|
| ചെല്ലൂർ GLP സ്കൂൾ ചുറ്റുമതിൽ നിർമ്മാണം 91/18 412830 മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം<br>കരാറുകാരൻ ശ്രീ. അബ്ദുൽ ഗഫൂർ. അളവ് പുസ്തകം 6/17-18<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>ബിൽ 48/16.3.2018 തുക | 28.22 $m^3$ | 154983<br>@ 6592.99/$m^3$ | 168807<br>@ 7181.06/$m^3$ | 13824 |

| | | | | |
|---|---|---|---|---|
| 350760 | | | | |

ഓഡിറ്റ് എൻക്വയറി 7 /27.10.2018 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 കുറ്റിപ്പുറം ടൗൺ പ്രദേശങ്ങളിലെ ഓട നിർമ്മാണം - സൈഡ് വാൾ, ബെഡ് എന്നിവ റീ ഇൻഫോഴ്സ്ഡ് കോൺക്രീറ്റ് ചെയ്തത് അനുവദനീയമല്ല

കുറ്റിപ്പുറം ബസ് സ്റ്റാന്റിലെ കടകളിൽ നിന്നുള്ള മലിന ജലം ഒഴുക്കി വിടുന്നതിന് വേണ്ടി ഡ്രൈനേജ് നിർമ്മിച്ചതിന്റെ ഭാഗമായി ഡ്രൈനേജിന്റെ സൈഡ് വാൾ, ബെഡ് എന്നിവ TMT സ്റ്റീൽ ഉപയോഗിച്ച് റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് ആണ് ചെയ്തിട്ടുള്ളത്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രവൃത്തികളിൽ ഡ്രൈനേജ് ബെഡ് 10cmകനത്തിൽ 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്തതിന് മുകളിലാണ് റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ഒന്നര മീറ്റർ വീതിയുള്ള ഡ്രൈനേജ് ബെഡ് 10 cm വീതം രണ്ട് തവണ കോൺക്രീറ്റ് ചെയ്തതും, 1.10മീറ്റർ മാത്രം ഉയരമുള്ള സൈഡ് വാൾ 15cm കനത്തിൽ റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് ചെയ്തതും തികച്ചും അനാവശ്യമാണ്. നിലവിൽ PWD റോഡുകൾ, ദേശീയ പാത എന്നിവയുടെ ഭാഗമായി നിർമ്മിക്കുന്ന ഡ്രൈനേജുകളിൽ പോലും വെറും സിമന്റ് കോൺക്രീറ്റ് മാത്രമാണ് ഇത്തരം പ്രവത്തികൾക്കായി ഉപയോഗിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ ഈ പ്രവത്തികളിൽ റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് ഉപയോഗിക്കാനുള്ള സവിശേഷ സാഹചര്യം എന്താണെന്ന് എസ്റ്റിമേറ്റിൽ വിശദീകരിച്ചിട്ടുമില്ല. പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോഴും പ്രത്യേക സാഹചര്യമുള്ളതായി കണ്ടില്ല.

ഓഡിറ്റ് പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 27/1.11.2018നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറി മറുപടി ലഭ്യമാക്കിയിട്ടില്ല.

ഡ്രൈനേജ് പ്രവൃത്തിയിൽ റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചതിന് സാങ്കേതിക പിൻബലത്തോടെയുള്ള വ്യക്തമായ വിശദീകരണം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ ഇനത്തിലുള്ള അധിക ചെലവ് തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | അളവ് | തുക |
|---|---|---|---|
| കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് ടൗൺ തുറ ഓട മാലിന്യ സംസ്കരണം 133/18<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ് 95000<br>ബ്ലോക്ക് ഷെയർ 400000 ആകെ 495000) കൺവീനർ ശ്രീ. മുനവ്വർ VP<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 5/17-18, 1/17-18<br>ചെക്ക് 39302/11.7.2017 തുക 397871<br>ബിൽ 20/16.8.2017 തുക 95000 | 4. RCC<br>ഡ്രൈനേജ് ബെഡ്,സൈഡ് വാൾ | 21.60$m^3$ | 171321.48 |
| | 5. റീ ഇൻഫോഴ്സ്മെന്റ് | 979.89Kg | 84956.46 |
| കുറ്റിപ്പുറം ടൗൺ പ്രദേശങ്ങളിലെ ഓട നിർമ്മാണം അഭിവൃദ്ധിപ്പെടുത്തൽ (49/18)(വികസന ഫണ്ട് 517000<br>ബ്ലോക്ക് ഷെയർ 550000 ആകെ 1067000) കരാറുകാരൻ ശ്രീ. TK ആലിക്കുട്ടി DSR 2016 കോസ്റ്റ് ഇൻഡക്സ് | 4. RCC<br>ഡ്രൈനേജ് ബെഡ്,സൈഡ് വാൾ | 60.18$m^3$ | 466719.37 |

| | | | |
|---|---|---|---|
| 40.2%<br>അളവ് പുസ്തകം 40/17-18<br>ബിൽ 49/23.3.2018 തുക 498489<br>ചെക്ക് 5517446/20.03.2018 തുക 550000 | 5.2- റീ ഇൻഫോഴ്സ്മെന്റ് | 3314.24Kg | 234051.63 |
| കുറ്റിപ്പുറം ടൗൺ തുറ ഓട നിർമ്മാണം 105/18 (ധന കാര്യ കമ്മീഷൻ ഗ്രാന്റ് 292051, സ്പിൽ ഓവർ പ്രൊജക്ട് 2200000)<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 23/16-17, 2/16-17കരാറുകാരൻ ശ്രീ. TK ആലിക്കുട്ടി<br>ബിൽ 14/7.7.2017 തുക 91113 | 5.1- RCC ഡ്രൈനേജ് ബെഡ്,സൈഡ് വാൾ | 45.90m$^3$ | 361377.13 |
| | 5. 2- റീ ഇൻഫോഴ്സ്മെന്റ് | 2295Kg | 183737.70 |

## 3-4 കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണം(217/18) - കൺസൽട്ടന്റ് ഫീ നൽകിയത് - ആദായ നികുതി ഈടാക്കിയില്ല.

ബിൽ 40/3.3.2018 തുക 150000
അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം പുതിയതായി നിർമ്മിക്കാനുദ്ദേശിക്കുന്ന കുറ്റിപ്പുറം ബസ് സ്റ്റാന്റിന്റെ സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ്, ഡ്രോയിങ്ങ് എന്നിവ തയ്യാറാക്കിയതിന് കണ്ടിന്യൂയിങ്ങ് എഡ്യുക്കേഷൻ സെന്റർ, (Continuing education centre), ഗവ: എഞ്ചിനീയറിങ് കോളേജ് തൃശ്ശൂർ എന്ന സ്ഥാപനത്തിന് കൺസൽട്ടൻസി ചാർജ് ആയി 150000 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

ഇൻകം ടാക്സ് നിയമം സെക്ഷൻ 194J പ്രകാരം പ്രൊഫഷണൽ/സാങ്കേതിക സേവനങ്ങൽക്ക് പ്രതിഫലമായി നൽകുന്ന 30000 രൂപയിൽ അധികരിച്ച തുകയിൽ നിന്ന് 10% നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതുണ്ട്.

മേൽ സ്ഥാപനത്തിന് നൽകിയ തുകയിൽ നിന്ന് ആദായ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 13/29.10.2018 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബാക്കി തുക നൽകുമ്പോൾ മുഴുവൻ തുകക്കുമുള്ള ആദായ നികുതി ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

150000 രൂപയുടെ രസീത് പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല.

ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം 150000 രൂപയുടെ രസീതും ആദായ നികുതി അടവാക്കിയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-5 നടുവട്ടം GLP സ്കൂൾ മെയിന്റനൻസ് (90/18) - ട്രസ്സ് വർക്കിന് അധിക നിരക്കിൽ തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ 16- ാം ഇനമായി സ്കൂളിന്റെ മേൽക്കൂരയിലെ മരത്തിന്റെ പട്ടിക, കഴുക്കോൽ എന്നിവ മാറ്റി പകരം ഇരുമ്പ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിക്കുന്നതിന് വേണ്ടി വാൾ പ്ലൈറ്റ്, കോമൺ റാഫ്റ്റർ, പർലിൻ എന്നിവക്ക് ഉപയോഗിച്ച റെക്റ്റാംഗുലർ പൈപ്പിന് DSR 10.16.1 ഡാറ്റ പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ മേൽ പ്രവൃത്തികൾ സിംഗിൾ സെക്ഷൻ പ്രവൃത്തികളാണ്. സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ ലഭ്യമായ തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിങ്ങ് വിഭാഗം അംഗീകരിച്ച ഡാറ്റ 50.10.2 പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്.

ഇതേ കാലയളവിൽ സാങ്കേതികാനുമതി നൽകിയ കഴുത്തല്ലൂർ ലക്ഷം വീട് അംഗൻവാടി മെയിന്റനൻസ് ( 97/18), പേരശ്ശന്നൂർ സബ്സെന്റർ മെയിന്റനൻസ് എന്ന പ്രവൃത്തിയിലും ഇതേ ഇനങ്ങൾക്ക് 50.10.2 പ്രകാരമുള്ള നിരക്ക് മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 18/30.10.2018 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 19101 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | തൂക്കം | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| നടുവട്ടം GLP സ്കൂൾ മെയിന്റനൻസ് (90/18)<br>കൺവീനർ പദ്മിനി. പി<br>ബിൽ 37/30.1.2018 തുക 375517<br>അളവ് പുസ്തകം 7/17-18<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19% | 1.വാൾ പ്ലേറ്റ് (96*48*1.6mm GI pipe)<br>2. റിഡ്ജ്<br>(96*48*1.6mm )<br>3. കോമൺ റാഫ്റ്റർ<br>(80*40mm )<br>4. റീപ്പർ<br>(80*40mm ) | 150.92Kg<br>103.54Kg<br>495.79Kg<br>454.89Kg<br>ആകെ 1205.14 Kg | 157873<br>(@131/kg) | 138772<br>(@115.15/kg) | 19101 |

## 3-6 റോഡ് നിർമ്മാണം - എർത്ത് ഫില്ലിങ് നിരക്ക് നൽകിയത് അനുവദനീയമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ടി.കെ അഹമ്മദ് സാഹിബ് മെമ്മോറിയൽ റോഡ് അഭിവൃദ്ധി എന്ന പ്രവൃത്തിയുടെ ഒന്നാം ഇനമായി 104 മീറ്റർ നീളത്തിൽ 22.5cm കനത്തിൽ മണ്ണ് കിളച്ച് മാറ്റി റോഡ് നിർമ്മാണത്തിനായി ഉപരിതലം തയ്യാറാക്കിയതിന് 92.25/$m^2$ നിരക്കിൽ (DSR 16.1) കൺവീനർക്ക് തുക നൽകിയിട്ടുണ്ട്. ഇതേ പ്രവൃത്തിയുടെ 2-ാം ഇനമായി, ഒന്നാം ഇനം ചെയ്ത അതേ റോഡിൽ 38മീറ്റർ നീളത്തിൽ (ചെയിനേജ് 61- 81) മണ്ണ് ഫില്ല് ചെയ്തതിനും തുക അനുവദിച്ച് നൽകിയിട്ടുണ്ട്. മണ്ണ് കിളച്ചെടുത്ത് പ്രതലം ശരിപ്പെടുത്തിയ ഭാഗത്ത് വീണ്ടും മണ്ണ് ഫില്ല് ചെയ്യേണ്ട ആവശ്യമില്ല.

DSR 16.1 പ്രകാരമുള്ള പ്രവൃത്തി മണ്ണ് കിളച്ച് മാറ്റി റോഡ് റോളർ ഉപയോഗിച്ച് പ്രതലം ബലപ്പെടുത്തുന്നതിനും അൺഡുലേഷൻ ക്ലിയർ ചെയ്ത് അധികം വരുന്ന മണ്ണ് 50 മീറ്റർ ദൂരെ ഒഴിവാക്കുന്നതിനും വേണ്ടിയുള്ളതാണ് എന്ന് ഡാറ്റയിൽ നിന്ന് തന്നെ വ്യക്തമാണ്. ആയതിനാൽ ഫില്ലിങ്ങിന് വീണ്ടും തുക നൽകിയത് തെറ്റായ നടപടിയാണ്. അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധികം നൽകിയ തുക കൺവീനറിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | അളവ് | നൽകിയ തുക |
|---|---|---|---|
| ടി.കെ അഹമ്മദ് സാഹിബ് മെമ്മോറിയൽ റോഡ് അഭിവൃദ്ധി (56/18)<br>ചെക്ക് - 5517068/21.3.2018<br>തുക 178897<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 30.48% | കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിങ് | 15.15$m^3$<br>(38*3*0.15)<br>എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്തി നൽകി | 7862.85<br>@<br>519/$m^3$ |

| | | | |
|---|---|---|---|
| അളവ് പുസ്തകം 35<br>കൺവീനർ ശ്രീ. ടി.കെ കുഞ്ഞവറാൻ | | | |

മറ്റ് അപാകതകൾ

1. ഈ പ്രവൃത്തിയിൽ റോഡ് മെറ്റലിങ്ങിനും ടാറിങ്ങിനുമുള്ള ഫണ്ട് വകയിരുത്തിയിരുന്നു. എന്നാൽ മെറ്റലിങ് മാത്രം ചെയ്ത് പ്രവൃത്തി അവസാനിപ്പിച്ചിരിക്കുകയാണ്. ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ ഈ പ്രൊജക്ട് മെറ്റലിങ് മാത്രം ചെയ്ത് അവസാനിപ്പിച്ചത് സംബന്ധിച്ച് ഗുണഭോക്തൃ സമിതി മിനിട്സിൽ തീരുമാനമൊന്നും രേഖപ്പെടുത്തിയിട്ടില്ല.

2. ഈ റോഡ് ടാർ ചെയ്യുന്നതിന്ന് വേണ്ടി തുടർ വർഷങ്ങളിൽ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

3. പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകുമ്പോൾ നിയമാനുസൃതം ഈടാക്കേണ്ട റിട്ടൻഷൻ തുക ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്.

ഓഡിറ്റ് പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 8/ 27.10.2018നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറി മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് ടൗൺ തുറ ഓട മാലിന്യ സംസ്കരണം - അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം ഒന്ന് ആയി ഡ്രൈനേജ് നിർമ്മിക്കുന്നതിനായി, സ്വകാര്യ വ്യക്തി നിർമ്മിച്ച കരിങ്കൽ കെട്ട് പൊളിച്ച് നീക്കിയതിന് 39706.49 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. പൊളിച്ച് നീക്കിയ ഈ കരിങ്കല്ലുകൾ സ്വകാര്യ വ്യക്തിയുടെതാണ് എന്നും ആയതിനാൽ ഡിപ്പാർട്ട്മെന്റൽ പ്രവൃത്തിക്കായി ഇവ ഉപയോഗപ്പെടുത്തിയിട്ടില്ല എന്നും അളവ് പുസ്തകം 5/17-18 പേജ് 1 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഡ്രൈനേജ് നിർമ്മാണത്തിനായുള്ള ഈ ഭൂമി ഗ്രാമ പഞ്ചായത്തിന് വിട്ട് കിട്ടിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. ആയത് കൊണ്ട് തന്നെ സ്വകാര്യ വ്യക്തി പഞ്ചായത്തിന്റെ ഭൂമിയിൽ കെട്ടിയ കരിങ്കല്ല് പടവാണ് പൊളിച്ച് നീക്കിയത് എന്ന് മനസ്സിലാക്കാവുന്നതാണ്. പഞ്ചായത്തിന്റെ ഭൂമിയിൽ സ്വകാര്യ വ്യക്തി കെട്ടിയ പടവ് പൊളിക്കുന്നതിന് പഞ്ചായത്ത് പണം ചെലവഴിച്ചതും പൊളിച്ച് നീക്കിയ കല്ല് അദ്ദേഹത്തിന് നൽകിയതും ക്രമ പ്രകാരമല്ല.
വിശദീകരണം ആവശ്യപ്പെട്ട് 19/30.10.2018 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 39706 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | അളവ് | നൽകിയ തുക |
|---|---|---|---|
| കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് ടൗൺ തുറ ഓട മാലിന്യ സംസ്കരണം 133/18<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ് 95000<br>ബ്ലോക്ക് ഷെയർ 400000 ആകെ 495000) കൺവീനർ ശ്രീ. മുനവ്വർ VP<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 5/17-18, 1/17-18<br>ചെക്ക് 39302/11.7.2017 തുക 397871 | ഡിമോളിഷിങ് സ്റ്റോൺ റബ്ൾ മേസനറി | 37.26$m^3$ | 39706.49<br>(@ 1065.66/$m^3$) |

| | | | |
|---|---|---|---|
| ബിൽ 20/16.8.2017 തുക 95000 | | | |

## 3-8 SSA വിഹിതം അടവാക്കിയത് -രസീത് ഹാജരാക്കിയില്ല

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ SSA വിഹിതം നൽകൽ എന്ന പ്രൊജക്ട് (29/18) പ്രകാരം 800000 രൂപ 1/12.7.2017 നമ്പർ ബിൽ പ്രകാരം പിൻവലിച്ച് ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ രസീത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു. രസീത് ഹാജരാക്കണമെന്ന് പരിശോധന വേളയിൽ ആവശ്യപ്പെട്ടതിന് രസീത് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് വാങ്ങി ഹാജരാക്കുന്നതാണെന്ന് അറിയിച്ചു.

രസീത് ഹാജരാക്കുന്നത് വരെ 800000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-9 ചെല്ലൂർ സബ്സെന്റർ മെയിന്റനൻസ് -30mm റൂഫിങ് ഷീറ്റിന് അധിക തുക നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രവൃത്തികളിൽ മേൽ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം ഒന്ന് ആയി സബ് സെന്ററിന്റെ മേൽക്കൂരയിൽ 30mm പ്രീ കോട്ടഡ് GI പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ച് റൂഫിങ് നടത്തിയതിന് 493/10$m^2$ നിരക്കിൽ തുക നൽകിയിട്ടുണ്ട്. 30mm GI പ്രൊഫൈൽ ഷീറ്റിന്റെ മാർക്കറ്റ് നിരക്ക് ഉപയോഗിച്ച് ഒബസ്രവ്ഡ് ഡാറ്റ ആണ് ഈ ഇനത്തിന് തയ്യാറാക്കിയിട്ടുള്ളത്. മാർക്കറ്റ് നിരക്കിന് കൂടെ കോസ്റ്റ് ഇൻഡക്സ് നൽകാൻ പാടില്ലാത്തതാണ്. എന്നാൽ ഈ ഡാറ്റ തയ്യാറാക്കിയപ്പോൾ 30mm GI പ്രൊഫൈൽ ഷീറ്റിന്റെ വിലക്കും കോസ്റ്റ് ഇൻഡക്സ് അനുവദിച്ചത് വഴി കരാറുകാരന് അധിക തുക നൽകാനിടയായിട്ടുണ്ട്. അധികം നൽകിയ 8699 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | റൂഫിങ് ഷീറ്റ് അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ചെല്ലൂർ സബ്സെന്റർ മെയിന്റനൻസ് 103/18<br>75000(MG NR)<br>കരാറുകാരൻ ശ്രീ. ഹനീഫO<br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br>അളവ് പുസ്തകം 33/16-17<br>ബിൽ 28/27.1.2018 തുക 67465 | 85.20$m^2$ | 42012<br>@493.10/$m^2$ | 33313<br>@391/$m^2$ | 8699 |

ഓഡിറ്റ് എൻക്വയറി 24/ 30 .10.2018 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 കുറ്റിപ്പുറം ടൗൺ പ്രദേശങ്ങളിലെ ഓട നിർമ്മാണം - സൈഡ് വാൾ പ്രവൃത്തി - സെന്ററിങ്ങിന് അധിക തുക നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

കുറ്റിപ്പുറം ബസ് സ്റ്റാന്റിലെ കടകളിൽ നിന്നുള്ള മലിന ജലം ഒഴുക്കി വിടുന്നതിന് വേണ്ടി ഡ്രൈനേജ് നിർമ്മിച്ചതിന്റെ ഭാഗമായി ഡ്രൈനേജിന്റെ രണ്ട് സൈഡ് വാൾ കോൺക്രീറ്റ് ചെയ്യുന്നതിന് നാല് വശത്തും സെന്ററിങ്ങ് ചെയ്തതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ സൈഡ് വാൾ കോൺക്രീറ്റ് ചെയ്യുന്നതിനായി രണ്ട് വശങ്ങളിൽ മാത്രം സെന്ററിങ് ചെയ്താൽ മതിയാകുന്നതാണ്.

1.50/1.60 മീറ്റർ വീതിയിൽ മണ്ണ് കിളച്ച് മാറ്റിയാണ് ഡ്രൈനേജ് നിർമ്മിച്ചിട്ടുള്ളത്. മണ്ണ് കിളച്ചെടുക്കുന്നതിന് DSR 2.6.1/2.8.1പ്രകാരമുള്ള നിരക്കാണ് നൽകിയത് എന്നതിനാൽ പ്രവൃത്തി സ്ഥലത്ത് ലൂസ്/ചെളി മണ്ണ് അല്ലെന്ന്

വ്യക്തവുമാണ്. കൂടാതെ സെന്ററിങ് പ്രവൃത്തിക്കായി DSR 5.9.2/5.9.5 എന്നീ ഡാറ്റ പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. ഈ ഡാറ്റയിൽ അഡ്ജസ്റ്റ് ചെയ്യാവുന്ന താങ്ങുകൾ ( adjustable telescopic prop 3മീറ്റർ -DSR 5.9.5), മറ്റ് തരത്തിലുള്ള തൂണുകൾ എന്നിവ ഉപയോഗിക്കുന്നതിനുള്ള നിരക്കുകൾ ഉണ്ട്. ഇവ സൈഡ് വാളിന്റെ രണ്ട് വശങ്ങളിലും ഉപയോഗിക്കണമെങ്കിൽ വീണ്ടും മണ്ണ് കിളച്ചെടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ ചുവടെ കാണിച്ച 3 പ്രവൃത്തികളിലും 1.50/1.60 മീറ്റർ വീതിയിൽ 1.10 മീറ്റർ ഉയരത്തിൽ മണ്ണ് കിളച്ചെടുക്കുകയും മുഴുവൻ വീതിയിലും ബെഡ് കോൺക്രീറ്റ് ചെയ്ത് ഇരുവശങ്ങളിലും 15cm കനത്തിൽ സൈഡ് വാൾ നിർമ്മിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ സൈഡ് വാളിന്റെ രണ്ട് വശങ്ങളിലും സെന്ററിങ് ചെയ്യാൻ കഴിയില്ല എന്ന് വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സെന്ററിങ് ചെയ്തതിന്റെ അളവ് | അനുവദനീയമായ അളവ് | നൽകിയ തുക (DSR 5.9.5) | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് ടൗൺ തുറ ഓട മാലിന്യ സംസ്കരണം 133/18 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 95000ബ്ലോക്ക് ഷെയർ 400000 ആകെ 495000) കൺവീനർ ശ്രീ. മുനവ്വർ VP DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19% അളവ് പുസ്തകം 5/17-18, 1/17-18 ചെക്ക് 39302/11.7.2017 തുക 397871 ബിൽ 20/16.8.2017 തുക 95000 | $4*45*1.10M=198m^2$ | $2*45*1.10=99m^2$ | 83724 @$422.85/m^2$ | 41862 | 41862 |
| കുറ്റിപ്പുറം ടൗൺ പ്രദേശങ്ങളിലെ ഓട നിർമ്മാണം അഭിവൃദ്ധിപ്പെടുത്തൽ (49/18)(വികസന ഫണ്ട് 517000 ബ്ലോക്ക് ഷെയർ 550000 ആകെ 1067000) കരാറുകാരൻ ശ്രീ. TK ആലിക്കുട്ടി DSR 11% tender below 2016 കോസ്റ്റ് | $4*85*1.0M=340m^2$ | $2*85*1.0=170m^2$ | 145476 @$427.87/m^2$ (Basic rate 480.75) | 72738 | 72738 |

| | | | | | |
|---|---|---|---|---|---|
| ഇൻഡക്സ് 40.2%<br><br>അളവ് പുസ്തകം 40/17-18<br><br>ബിൽ 49/23.3.2018 തുക 498489<br><br>ചെക്ക് 5517446/20.03.2018 തുക 550000 | | | | | |
| കുറ്റിപ്പുറം ടൗൺ ഇറ ഓട നിർമ്മാണം 105/18 (ധന കാര്യ കമ്മീഷൻ ഗ്രാന്റ് 292051, സ്പിൽ ഓവർ പ്രൊജക്ട് 2200000)<br><br>DSR 2014 കോസ്റ്റ് ഇൻഡക്സ് 36.19%<br><br>അളവ് പുസ്തകം 23/16-17, 2/16-17കരാറുകാരൻ ശ്രീ. TK ആലിക്കുട്ടി 7.21 below<br><br>ബിൽ 14/7.7.2017 തുക 91113 | 4*96.2*1.10=423.28m$^2$ | 2*96.2*1.10=211.64m$^2$ | 193003<br><br>@455.99/m$^2$<br><br>(DSR 5.9.2) Basic rate 491.37 | 96506 | 96497 |
| ആകെ അധികം | | | | | 211097 |

ഓഡിറ്റ് എൻക്വയറി 20 /30.10.2018 നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 211097 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-11 അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ പലതും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല

2. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. ടെണ്ടർ തുറന്ന സമയത്ത് ഹാജരായ കരാറുകാരുടെ ഒപ്പ് ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസ് പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 നിർദ്ദേശിക്കും പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപെടുത്തി തയ്യാറാക്കിയതല്ല.

5. പ്രവൃത്തികളുടെ പൂർത്തീകരണത്തെ തുടർന്ന് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

6. അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. കരാറുകാർക്ക് പ്രവൃത്തി സ്ഥലംകൈമാറിയതിന്റെ രേഖകൾ (Cite Hand over) ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ

നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

അപാകതകൾപരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-12 ബേബി ഫ്രണ്ട് ലി അംഗൻവാടി -ചുമർ ചിത്രങ്ങൾ വരക്കൽ -ഇൻകംടാക്സ് ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ.
പ്രോജക്റ്റ് നം. 53/18

ബിൽ നം. തി. 22/28.03.18 തുക -205000/-

വകയിരുത്തിയ തുക -

വികസന ഫണ്ട്. -305000/-

ധനകാര്യകമ്മീഷൻ ഗ്രാന്റ് - 120000/-

ആകെ 425000/-

32 അംഗനവാടിയിൽ ചുമർചിത്രങ്ങൾ വരക്കുന്നതിന് ടെന്റർ വിളിച്ചത് പ്രകാരം ഒരു സ്ക്വയർമീറ്ററിന് 270/-രൂപയുടെ ശ്രീ.പി.ഇസ്മായിൽ ,വെറ്റിലപ്പാറ,അരീക്കോട് എന്നയാളുടെ ടെന്റർ അംഗീകരിച്ചു. തൻവർഷം 205000/-രൂപയും 2018-19 വർഷം പ്രവൃത്തി പൂർത്തീകരിച്ചതിന്റെയടിസ്ഥാനത്തിൽ 220000/-രൂപയും ടെന്ററർക്ക് നൽകിയിട്ടുണ്ട്.

അപാകതകൾ

1)ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി പ്രകാരം ഒരു വ്യക്തിക്ക് 75000/- രൂപക്ക് മേൽ നൽകുകയാണെങ്കിൽ 1% ഇൻകംടാക്സ് ഈടാക്കേണ്ടതാണ്.അപ്രകാരം ഇൻകംടാക്സ് ഈടാക്കി അടവാക്കിയിട്ടില്ല.

2)എ.ആർ .ട്രേഡിങ്ങ് കോർപ്പറേഷൻ സമർപ്പിച്ച ടെന്റർ ഫോമിന്റെ വില 850+ 102 രൂപ ഈടാക്കേണ്ടതുണ്ടെങ്കിലും 200+24 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

മേൽ പ്രകാരം കുറവായി ഈടാക്കിയ തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 വിട്ടു കിട്ടിയ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം. 02/18

ബിൽ നം. തി.29/31.10.17 -300000/-

-30/31.10.17 -200000/-

31/31.10.17 -431910/-

ആകെ 931910/-
വകയിരുത്തിയ തുക

മെയിന്റനൻസ് ഗ്രാന്റ് -515000/-

വികസന ഫണ്ട് ജനറൽ -300000/-

ധനകാര്യകമ്മീഷൻ ഗ്രാന്റ് -200000/-

ആകെ 1015000/-

വിട്ടു കിട്ടിയ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -പദ്ധതി പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കാർഗിൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.8.83 /20.10.17 പ്രകാരം 931910/- രൂപക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണങ്ങൾ

വാങ്ങിയിട്ടുള്ളത്. ക്വാട്ട് ചെയ്ത നിരക്കുകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര നം. | ഇനം | എണ്ണം | Xenon Asia Mattannur, Kannur | കാർഗിൽ എന്റർ പ്രൈസസ്,കുറ്റിപ്പുറം |
|---|---|---|---|---|
| 1 | Desk top-offiece | 7 | 273000 | 275800 |
| 2 | Desktop-school | 7 | 192500 | 208600 |
| 3 | Laptop | 7 | 217000 | 191800 |
| 4 | Multi media projector | 7 | 179410 | 243250 |
| 5 | Wireless Modem | 7 | 14000 | 12460 |
| | ആകെ | | 875910 | 931910 |

അപാകതകൾ

1)കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ കാർഗിൽ എന്റർപ്രൈസസ് ,കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. പർച്ചേസ് കമ്മിറ്റി 04.04.18 ലെ 2-ാം നമ്പർ തീരുമാനപ്രകാരം കുറവ് നിരക്ക് ക്വാട്ട് ചെയ്ത Xenon Asiaഎന്ന സ്ഥാപനം ക്വാട്ട് ചെയ്ത ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ ഐ.കെ.എം. ലിസ്റ്റ് പ്രകാരമുള്ളതല്ലാത്തതിനാലും ഗ്രാമ പഞ്ചായത്ത് സ്പെസിഫിക്കേഷനല്ലാത്തതിനാലും കാർഗിൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഐ.കെ.എം.ന്റെ റിപ്പോർട്ട് ഫയലിൽ ഇല്ല.

2) Desktop-1,UPS-1,Modem-1 എന്നിവ ആരാണ് കൈപ്പറ്റിയതെന്ന് രശീതിയിൽ രേഖപ്പെടുത്തിയിട്ടില്ല.

3)Desktop-5,UPS-5,Modem-4,Laptop-1,projector-1 എന്നിവ രാജേഷ്.കെ,ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഗ്രേഡ്-1 ,താലൂക്ക് ഹോസ്പിറ്റൽ,കുറ്റിപ്പുറം കൈപ്പറ്റിയതായി കാണുന്നു.എന്നാൽ ഇവയിലൊന്നും തന്നെ ഓഫീസിന്റെ പേരോ,സീലോ രേഖപ്പെടുത്തിയിട്ടില്ല .ഇതു സംബന്ധിച്ച് എൻക്വയറി നൽകിയതിന് മറുപടിയായി താലൂക്ക് ഹോസ്പിറ്റലിന്റെ കീഴിലുള്ള സബ്സെന്ററുകൾക്കാണ് വാങ്ങി നൽകിയതെന്ന് പറയുകയുണ്ടായി. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ആവശ്യപ്പെട്ട് കൊണ്ടുള്ള ആരുടേയും റിക്വസ്റ്റും ഫയലിൽ ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-14 കുറ്റിപ്പുറം ഗ്രാമപഞ്ചായത്താഫീസിലേക്ക് വാട്ടർ ഫ്രീസർ വാങ്ങൽ -സ്റ്റോക്കിലെടുത്തിട്ടില്ല

.ബിൽ നം. തി -34/01.03.18 -35000
നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ബൽ നം .36/01.03.18 -4800

പ്രോജക്റ്റ് നം 13/18 പ്രകാരം കല ഹോം അപ്ലിയൻസ് കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ബ്ലൂ സ്റ്റാർ വാട്ടർ ഫ്രീസർ ഇൻവോയ്സ് നം. 236/27.12.17 പ്രകാരം 39800/-രൂപക്ക് വാങ്ങിയിട്ടുണ്ട്.എന്നാൽ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവഴിച്ച 39800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് ഓഫീസ് കോൺഫറൻസ് ഹാളിലേക്ക് ഫർണീച്ചർ -എ.സി, അനുബന്ധ സൗകര്യങ്ങൾ -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രോജക്റ്റ് നം.15/18
ബിൽ നം. തി. 33/01.03.18 തുക 86000/-
നിർവ്വഹണോദ്യോഗസ്ഥർ -സെക്രട്ടറി.
മേൽ പ്രോജക്റ്റ് പ്രകാരം ഫർണീച്ചർ ,എ.സി ,എന്നിവ വാങ്ങുന്നതിന് 212500 – രൂപ വകയിരുത്തുകയും ടെന്റർ വിളിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും രണ്ട് സ്പ്ലിറ്റ് എ.സി മാത്രമാണ് വാങ്ങിയിട്ടുള്ളത്. കറന്റ് കണക്ഷൻ ലഭ്യമാകുന്ന വിധത്തിലല്ല എ.സി സ്ഥാപിച്ചിട്ടുള്ളത്.ഇപ്പോഴും കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ല. കോൺഫറൻസ് ഹാളിന്റെ ജനലുകൾ തുറന്നു കിടക്കുകയും ,എയർ ഹോളുകൾ അടക്കുകയും ചെയ്തിട്ടില്ല. എ.സി പ്രവർത്തിപ്പിക്കാൻ

പറ്റാത്ത അവസ്ഥയിലുമാണ് ആയത് സ്ഥാപിച്ചിട്ടുള്ളത്കല ഹോം അപ്ലിയൻസ് ,കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും86000/- ഇൻവോയ്സ് നം.15/23.10.17 പ്രകാരം രണ്ട് എസികൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. മാത്രമല്ല ടി പ്രോജക്റ്റിൽ ഉൾപ്പെട്ട ഫർണീച്ചർ വാങ്ങിയിട്ടുമില്ല.
പ്രഥമമായി ചെയ്യേണ്ട കാര്യങ്ങൾ പൂർത്തീകരിക്കാതെയാണ് പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്നത്. മേലിൽ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ ഇത്തരം കാര്യങ്ങൾ കൂടി പരിഗണിച്ച് വേണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. പ്രവൃത്തി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 86000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 ഡെപ്പോസിറ്റ് വർക്ക് -പൂർത്തീകരണവിവരം ലഭ്യമല്ല.

ബിൽ നം. തി. 47/20.03.18
നിർവ്വഹണോദ്യോഗസ്ഥർ-സെക്രട്ടറി

ജി.എൽ.പി.എസ്,കളക്കാട് മുതൽ ചെററാരിക്കുന്ന് ഇംഗ്ലീഷ് മീഡിയം സ്കൂൾ വരെയുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് 07.03.18 ലെ എസ്റ്റിമേറ്റ് പ്രകാരം 23812/രൂപ (47/20.03.18)എസ്റ്റിമേറ്റ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ,ഇലക്ട്രിക് സെക്ഷൻ, കുറ്റിപ്പുറം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.എന്നാൽ ആയതിന്റെ കൈപ്പറ്റ് രശീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - മുഴുവൻ സ്ഥാപിച്ചതിന്റെ രേഖകളില്ല.

പ്രോജക്റ്റ് നം. 12/18

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി
ബിൽ നം. തി.24/30.08.17 -1622790/-

മേൽ പ്രോജക്റ്റ് പ്രകാരം ടെന്റർ വിളിക്കുകയും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ഇൻഡക്സ് ഇലക്ട്രോണിക്സ്,മഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും 2190/- രൂപ നിരക്കിൽ 741 എൽ.ഇ.ഡി തെരുവ് വിളക്കുകൾ (25WT) വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും ഇൻവോയ്സ് നം. 03/15.06.17 പ്രകാരം 1622790- രൂപ നൽകിയിട്ടുണ്ട്. ഇതിൽ 729എണ്ണം സ്ഥാപിച്ചതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| വാർഡ് നം | സ്ഥാപിച്ച വിളക്കുകളുടെ എണ്ണം |
|---|---|
| 1 | 32 |
| 2 | 30 |
| 3 | 38 |
| 4 | 34 |
| 5 | 39 |
| 6 | 39 |
| 7 | 34 |
| 8 | 8 |
| 9 | 34 |
| 10 | 34 |
| 11 | 11 |
| 12 | 34 |
| 13 | 34 |
| 14 | 34 |
| 15 | 34 |
| 16 | 34 |
| 17 | 34 |

| | |
|---|---|
| 18 | 34 |
| 19 | 30 |
| 20 | 34 |
| 21 | 34 |
| 22 | 30 |
| 23 | 30 |
| ആകെ | 729 |

ബാക്കി 12 എണ്ണം സ്ഥാപിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.എഗ്രിമെന്റിന്റെ കോപ്പി മാത്രമാണ് ഫയലിലുള്ളത്. അതിൽ എഗ്രിമെന്റ് വെച്ച തിയ്യതിയോ , നിബന്ധനകളോ രേഖപ്പെടുത്തിയിട്ടില്ല ഫയൽ പരിശോധിച്ചതിൽ ലൈറ്റുകൾ സ്ഥാപിച്ച് രണ്ട് മാസത്തിനകം തന്നെ മിക്ക ലൈറ്റുകളും പ്രവർത്തന രഹിതമായതും കരാറുകാരനെ അറിയിച്ചതായും പറയുന്നുണ്ട്.സെക്രട്ടറി 28.05.18 ൽ കരാറുകാരന് കത്ത് നൽകിയിട്ടുള്ളതായി ഫയലിൽ ഉണ്ട്. എന്നാൽ നാളിതു വരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.സെക്യരിറ്റി ഡെപ്പോസിറ്റായി സ്വീകരിച്ച 55000,50000 എന്നീ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും കരാറുകാരനെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. 12 ലൈറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ (12x2190) 26280/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-18 പെയിൻ &പാലിയേറ്റീവ് കെയർ പദ്ധതി -അപാകതകൾ

പ്രോജക്റ്റ് നം.07/18
നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കുറ്റിപ്പുറം
വകയിരുത്തിയ തുക -

വികസന ഫണ്ട് - 350000/-

മറ്റുള്ളവ -100000/-

ആകെ -450000/-

എ)മരുന്ന് ലഭ്യമായിട്ടില്ല.

ബിൽ നം. 10/16.03.18-50000/-

പെയിൻ &പാലിയേറ്റീവ് കെയർ പദ്ധതിക്ക് വേണ്ടി മരുന്നുകൾ വാങ്ങുന്നതിന് 50000/-രൂപ (DD-5517445 dt.16.03.18) പ്രൊഫോർമ ഇൻവോയ്സ്( PRF4392/20.02.18-42967,PRF1473/20.02.18-7033)പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ടെങ്കിലും നാളിതു വരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. കിടപ്പ് രോഗികൾക്ക് ലഭ്യമാക്കേണ്ട മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിന നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകും വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

ബി) സ്ഥാപനം ഗൃഹ സന്ദർശന റിപ്പോർട്ട് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.എല്ലാ ദിവസവും ഗൃഹസന്ദർശനത്തിന് പോകുന്ന റിപ്പോർട്ടുകളിൽ എന്തൊക്കെ സേവനങ്ങൾ,മരുന്നുകൾ നൽകി എന്നിവ സംബന്ധിച്ച വിവരം ചേർക്കുന്നില്ല. പൂർണ്ണവിവരങ്ങൾ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 പട്ടികജാതിക്കാർക്ക് പി.വി.സി.വാട്ടർടാങ്ക് നൽകൽ -അപാകതകൾ

പ്രോജക്റ്റ് നം. 20/18

ബിൽ നം. 19/22.03.18 -143136

23/28.03.18 73556
നിർവ്വഹണ ഉദ്യോഗസ്ഥൻ. അസിസ്റ്റന്റ് സെക്രട്ടറി

ഗുണഭോക്തൃവിഹിതം 72158

ആകെ 288850

മേൽ പ്രോജക്റ്റിന് വേണ്ടി 400000/- രൂപ വകയിരുത്തുകയും സ്പിൽ ഓവർ പദ്ധതി പ്രകാരം 30.11.17 ൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടെന്റർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

1 .Selzer polymers,mundoor,thrissur.

2)Parlspot Aqua systems and solutions,Malappuram.

3)BS GST Agencies ,kuttipuram.

4)Invite Interiors, Vengara,Malappuram

എന്നാൽ ടെന്റർ ഫീ ആയി 800/- രൂപ ഈടാക്കേണ്ടതിന് പകരം 200+24 രൂപയാണ് വാങ്ങിയിട്ടുള്ളത്.എന്നാൽ ടി ടെന്റർ പ്രകാരം വാട്ടർ ടാങ്ക് വാങ്ങുകയോ,ടെന്റർ റദ്ദ് ചെയ്യുന്നതിനുള്ള കാരണം രേഖപ്പെടുത്തുകയോ ചെയ്യാതെ 15.01.18 ൽ റിടെന്റർ നൽകുകയും ആയത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ ടെന്ററിൽ പങ്കെടുക്കുകയും ചെയ്തു.

1)Selzer,Mundoor.

2)Ann Agencies,Edvannappara.

3)Rivertech water solutions,koovappady

4)BS GSTAgencies,Kuttippuram.

5)pearlsport Aqua system&solutions ,panakkad

റീ-ടെന്റർ പ്രകാരം മേൽ സ്ഥാപനങ്ങൾ ടെന്റർ സമർപ്പിച്ചെങ്കിലും ടെന്റർ ഫീ ആയി 800/- രൂപ ഈടാക്കേണ്ടതിന് പകരം 200+24 രൂപയാണ് വാങ്ങിയിട്ടുള്ളത്.

ആദ്യ ടെന്ററിൽ പങ്കെടുത്ത pearlsport Aqua system&solutions, panakkad എന്ന സ്ഥാപനത്തിന്റെ ആദ്യ ടെന്റർ തന്നെയാണ് അംഗീകരിച്ചിട്ടുള്ളത്. ഒരു കാര്യത്തിന് തന്നെ പല പ്രാവശ്യം ടെന്റർ വിളിക്കുന്ന പ്രവണത മറ്റു ഫയലുകളിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികൾ ഒഴിവാക്കേണ്ടതാണ്.

## 3-20 ജലസേചന പമ്പ് സെറ്റ് - വാങ്ങിയ രേഖകൾ ഹാജരാക്കാതെ സബ്സിഡി നൽകിയത്

പ്രൊജക്റ്റ് 39/18

നിർവ്വഹണം- കൃഷി ഓഫീസർ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ജലസേചന പമ്പ് സെറ്റിന് സബ്സിഡി നൽകൽ പ്രൊജക്റ്റിൽ ട്രഷറി ബിൽ 9/20-3-18 പ്രകാരം മാറിയ 2,75,250 രൂപയിൽ സബ്സിഡി തുകയായി 6250 രൂപ ശ്രീ.സീതി ഹാജി എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 13-3-18 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ ട്രഷറി ബില്ലിനൊപ്പം സമർപ്പിച്ച അബ്സ്ട്രാക്റ്റിൽ ഗുണഭോക്താവിന് ക്യാഷ് ബിൽനമ്പർ 9644/4-4-17 പ്രകാരമുള്ള 13500 രൂപയുടെ അടിസ്ഥാനത്തിൽ 6250 രൂപ നൽകുന്നു എന്ന് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ക്യാഷ് ബിൽ ഹാജരാക്കിയിട്ടില്ല. ഫയലിൽ അക്സസ്സറീസ് വിലയായ 9944 രൂപയുടെ ബില്ലിന്റെ പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത്. പമ്പ് സെറ്റ് വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടുമില്ല. പമ്പ് സെറ്റ് വാങ്ങാതെ ആക്സസറീസിന് മാത്രം സബ്സിഡി നൽകിയത് ക്രമത്തിലല്ല. എന്തടിസ്ഥാനത്തിലാണ് 13500/- രൂപ പരാമർശിച്ചത് എന്ന് വ്യക്തമല്ല. മാത്രവുമല്ല 8-12-17 ലെ ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവിന് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനും ആയതിൽ ഉൾപ്പെടുന്നതിനും മുമ്പ് വാങ്ങിയ പമ്പ് സെറ്റിന്റെ ബില്ല് കണക്കിലെടുത്ത് ധനസഹായം നൽകിയത് അംഗീകരിക്കാനാവില്ല. മാത്രവുമല്ല, പമ്പ് സെറ്റ് ഉണ്ടായിരിക്കെ നൽകിയ അപേക്ഷ പരിഗണിച്ച് മതിയായ അന്വേഷണം നടത്താതെ ധനസഹായത്തിന് ശുപാർശ ചെയ്യുകയും അത് അനുവദിക്കുകയും ചെയ്ത നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടിയും ക്രമത്തിലല്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയുടെ നിരീക്ഷണം ഉണ്ടായതായും കാണുന്നില്ല. അനർഹമായി നൽകിയ 6250 രൂപ തിരിച്ചടവാക്കി അറിയിക്കേണ്ടതാണ്.

(അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 22/30-3-18)

## 3-21 MGNREGS പഞ്ചായത്തിന്റെ തനത്ഫണ്ടിൽനിന്നും നൽകിയ തുക തിരിച്ചടവാക്കാൻ അവശേഷിക്കുന്നു

MGNREGS ന്റെ ഫണ്ടിൽ ആവശ്യത്തിന് ഫണ്ട് ലഭ്യമല്ലാത്തതിനാൽ 26-08-17 ലെ ജി.ഒ(ആർ.ടി) 2941/17 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും നഴ്സറി നിർമ്മാണത്തിന് നൽകിയ 13670 രൂപ (വൗച്ചർ 21700682/30-11-17 13670 രൂപ ചെക്ക് 726038/30-11-17) തിരികെ നൽകിയതായി കാണുന്നില്ല.

റീ-ക്ലപ്പ് ചെയ്യാൻ അവശേഷിക്കുന്ന തുക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-22 വാർഡ് തല ശുചീകരണ പരിപാടി- ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

വൗച്ചർ 21700168/ 19-5-17 പ്രകാരം 23 വാർഡുകളിലെ വാർഡ് തല കൺവീനർമാരുടെ അക്കൗണ്ടിലേക്ക് മെഡിക്കൽ ഓഫീസറുടെ 17-3-17 ലെ E-291/17 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ആകെ 2,30,000 രൂപ കൈമാറിയിട്ടുണ്ട്. (ചെക്ക് 852809/19-5-17). ചെലവ് വിശദാംശങ്ങളും അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടെങ്കിലും ( എൻക്വയറി നമ്പർ 30/1-11-18) ലഭ്യമാക്കിയിട്ടില്ല. ഈയിനത്തിലെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-23 ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു

വൗച്ചർ 21700317/17-7-17 പ്രകാരം ഹംസക്കോയ മേത്തലകത്ത് എന്നയാൾക്ക് തിരൂർ റോഡിലെ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ ചെയ്തതിന് 12000 രൂപ തനത്ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട് .ഗ്രാമ പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം കുറ്റിപ്പുറം ബസ്സ്റ്റാന്റിലേയും ഹൈവേയിലേയും ഹൈമാസ്റ്റ് ലൈറ്റുകൾ അറ്റകുറ്റപണികൾ ചെയ്തതായും ടൈമർ ,സർവ്വീസ് വയർ ലേബർ ചാർജ് എന്നിവക്കായി പണം അനുവദിക്കണം എന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ചെക്ക് 587366/11-7-17 ആയി പണം നൽകുകയും ചെയ്തു. അപേക്ഷയോടൊപ്പം 4491 രൂപയുടെ ബില്ല് ഹാജരാക്കിയിട്ടുണ്ട്. ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപണികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും കരാർ വിശദാംശങ്ങളും അനുബന്ധ രേഖകളും ഗ്രാമപഞ്ചായത്ത് തീരുമാനവും ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 31/1-11-18) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-24 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിന് ഗ്രാമപഞ്ചായത്ത് ഫലപ്രദമായ നടപടികൾ നാളിതുവരെയും സ്വീകരിച്ചിട്ടില്ല. ഗുണഭോക്തൃസമിതികൾക്ക് കൈമാറാത്തതുമൂലം തനത്ഫണ്ടിൽനിന്നും വലിയ തുക വൈദ്യുതിചാർജ്ജിനത്തിലും പമ്പ് ഓപ്പറേറ്ററുടെ വേതനം നൽകുന്നതിനുമായി ചെലവഴിച്ചു കാണുന്നു. പഞ്ചായത്തിന്റെ സമയബന്ധിതമായി നടപടി കൈകൊള്ളാത്തതിനാൽ മറ്റ് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കാവുന്ന പണം ഈയിനത്തിൽ ചെലവഴിക്കുന്ന അവസ്ഥ ഉണ്ടാവുന്നു. 30.05.2009ലെ സ.ഉ(എം.എസ്)1275/2009/ത.സ്വ.ഭ.വ ഉത്തരവിൽ കുടിവെള്ളപദ്ധതികൾ അറ്റകുറ്റപണികൾ തീർത്ത് പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശമുണ്ടെങ്കിലും ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ച് കാണുന്നില്ല. 2013-14 മുതൽ 2016-17വരെ വൈദ്യുതി ചാർജ്ജിനായി 65.85 ലക്ഷം രൂപയും പമ്പ് ഓപ്പറേറ്ററുടെ വേതനത്തിന് 38.36ലക്ഷം രൂപയും ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ 2016-17വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ: 3-4 ൽ വിശദമാക്കിയിട്ടുണ്ട്. 2017-18 വർഷം ഈയിനത്തിൽ ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

വൈദ്യുതി ചാർജ്ജ്-15,45,320

പമ്പ് ഓപ്പറേറ്ററുടെ വേതനം-9,86,260

ആകെ-25,31,580

മുൻ ഓഡിറ്റ് റിപ്പോർട്ടുകളില്ലാം തന്നെ ഉത്തരവിന് വിരുദ്ധമായി ചെലവഴിക്കുന്നത് ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ നാളിതുവരെ നടപടികളൊന്നും എടുത്തിട്ടില്ല.

ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് ( 33/1-11-18) മുഴുവൻ വാർഡുകളിലെയും ഗുണഭോക്തൃ സമിതി യോഗം കൂടിയിരുന്നുവെങ്കിലും കുടിവെള്ള പദ്ധതികൾക്ക് സമാന്തരമായി ജലനിധി പദ്ധതി നിർമ്മാണം നടക്കുകയും ആയതിലേക്ക് ഇതേ ഗുണഭോക്താകൾ തന്നെ പണം ഒടുക്കി കണക്ഷൻ എടുക്കുവാൻ കാത്തിരിക്കുന്നതിനാൽ ആണെന്നും ഇക്കാരണത്താലാണ് ചട്ട വിരുദ്ധമായി തുക അനുവദിച്ചിട്ടുള്ളത്

എന്നമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മറുപടിയോടൊപ്പം ലഭ്യമാക്കിയ 21-6-17 ലെ 6/1 നമ്പർ ഗ്രാമ പഞ്ചായത്ത് തീരുമാനത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറുന്നതിനും 23 വാർഡുകളിലും ഗുണഭോക്തൃ സമിതികൾ രൂപീകരിക്കുന്നതിനും ഐകകണ്ഠേന തീരുമാനിച്ചതായി പറയുന്നു. 28-07-17 ന് നടന്ന യോഗത്തിൽ ( തീരുമാനം 4/1) നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ പമ്പ് ഓപ്പറേറ്റർമാരുടെ വേതനവും ഇലക്ട്രിസിറ്റി ചാർജ്ജും തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് തീരുമാനം എടുത്തു.സെക്രട്ടറി തീരുമാനത്തോട് വിയോജനം രേഖപ്പെടുത്തിയെങ്കിലും ചട്ടപ്രകാരമല്ലാത്ത തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുവാനുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക 2531580 രൂപ തടസ്സം ചെയ്യുന്നു.

## 3-25 ടിഷ്യു കൾച്ചർ വാഴത്തൈ വിതരണ പദ്ധതി അപാകതകൾ

പ്രൊജക്ട് 169/18

നിർവ്വഹണം കൃഷി ഓഫീസർ

ചെലവ് 60,000 ( വികസനഫണ്ട് 50000, ഗുണഭോക്തൃ വിഹിതം 10000)

ബിൽ നമ്പർ 13/17-18 തിയ്യതി 23-3-18 -50000 രൂപ.

ചെക്ക് നമ്പർ 955310/27-3-18 – 10,000 രൂപ

പ്രൊജക്ട് പ്രകാരം 20 രൂപ നിരക്കിൽ 3000 വാഴത്തൈകൾ എടത്തലം വെജിറ്റബിൾ ക്ലസ്റ്റർ ബ്ലോക്ക് ലെവൽ നഴ്സറിയിൽ നിന്നും വാങ്ങുകയും 25 പേർക്ക് 120 എണ്ണം വീതം വിതരണം ചെയ്യുകയും ചെയ്തു. ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളിൽ അച്ചടിച്ച അപേക്ഷ ഫോറത്തിൽ ലഭ്യമാക്കേണ്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കുകയോ അർഹത സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ എന്തെങ്കിലും റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. അപേക്ഷകരുടെ കൃഷിഭൂമിയുടെ വിസ്തൃതി സംബന്ധിച്ചോ നാമമാത്ര ചെറുകിട കർഷകരാണെന്നതോ സംബന്ധിച്ച യാതൊരു വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല.പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (6/25-10-18) യാതൊരു മറുപടിയും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷിഓഫീസർ ലഭ്യമാക്കാത്ത സാഹചര്യത്തിൽ വികസന ഫണ്ടിൽ നിന്നുള്ള ചെലവ് തുക 50,000 തടസ്സം ചെയ്യുന്നു.പ്രൊജക്ട് സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നിർവ്വഹിച്ചതായി കാണുന്നില്ല.

## 3-26 കുടിവെള്ള വിതരണം - ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തതും മറ്റ് അപാകതകളും - സംബന്ധിച്ച്

നിർവ്വഹണം - സെക്രട്ടറി

കുടിവെള്ള വിതരണത്തിന് ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് കാലയളവിൽ 3,15,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

വൗച്ചർ 21700370/3.8.17 - 3,15,000 രൂപ

4,50,000 ലിറ്റർ കുടിവെള്ളത്തിന് ലിറ്ററിന് 70 പൈസ നിരക്കിൽ 7-5-17 മുതൽ 29-05-17 വരെ കാലയളവിൽ വെള്ളം വിതരണം ചെയ്തതിന് ശ്രീ.മുഹമ്മദ് ഷാനിസ് ഇഖ്ബാലിന് നൽകിയതാണ് തുക.

അപേക്ഷ ക്ഷണിച്ചത് പ്രകാരം മൂന്ന് ടെണ്ടറുകൾ ലഭിച്ചതിൽ ശ്രീ. മുഹമ്മദ് ഷിനാസ് ഇഖ്ബാലിന്റെ ടെണ്ടർ 4-5-17 ലെ 2(2) നമ്പർ തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു.

ലഭിച്ച ടെണ്ടർ വിവരങ്ങൾ

| ക്രമ നമ്പർ | ടെണ്ടർ സമർപ്പിച്ചയാളുടെ പേര്, മേൽവിലാസം | സമർപ്പിച്ച നിരക്ക് ( ലിറ്ററിന്) | |
|---|---|---|---|
| | | വെള്ളം പഞ്ചായത്ത് ലഭ്യമാക്കിയാൽ | സ്വന്തം ഉത്തരവാദിത്തത്തിൽ ലഭ്യമാക്കുന്നതിന് |

| | | | |
|---|---|---|---|
| 1 | അബ്ദുൽ ലത്തീഫ്.വി.പി | 1.00 രൂപ | 2.60രൂപ |
| 2 | സക്കീർ.ടി.പി | 0.80 രൂപ | 2.2 രൂപ |
| 3 | മുഹമ്മദ് ഷാനിസ് ഇഖ്ബാൽ | 0.70 രൂപ | 2.0 രൂപ |

ടെണ്ടർ വ്യവസ്ഥകളിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു.

എ.) ഗ്രാമ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സെക്രട്ടറി നൽകുന്ന ലിസ്റ്റിലെ എല്ലാ സ്ഥലത്തും കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ കുടിവെള്ളം എത്തിക്കേണ്ടതാണ്. (ക്രമ നമ്പർ 1)

ബി). സർക്കാർ അംഗീകൃത ജല സ്രോതസ്സിൽ നിന്ന്/ ഗുണ നിലവാരം ഉറപ്പാക്കിയ ജലസ്രോതസ്സിൽ നിന്ന് മാത്രം കുടിവെള്ളം ശേഖരിക്കേണ്ടതാണ്. (ക്രമ നമ്പർ 4)

സി.) ഓരോ ട്രിപ്പിനും ട്രിപ്പ് ഷീറ്റ് വാഹനത്തിന്റെ ഡ്രൈവർ എഴുതി സൂക്ഷിക്കേണ്ടതും അതേദിവസം വാർഡ് മെമ്പർ, എ.ഡി.എസ്സ് പ്രസിഡണ്ട് എന്നിവരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി അതാത് ദിവസം വൈകുന്നേരം അഞ്ച് മണിക്ക് മുമ്പായി ഗ്രാമപഞ്ചായത്തിൽ ഏൽപിക്കേണ്ടതാണ്. (ക്രമ നമ്പർ 5)

ഡി.) കുടിവെള്ള വിതരണം പൂർത്തിയാക്കി ബില്ലുകൾ ഹാജരാക്കുന്ന മുറക്ക് തുക ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുന്നതാണ്.മുൻകൂർ തുക നൽകുന്നതല്ല.ബില്ലിൽ നിന്നും നിയമാനുസൃത നികുതികൾ വസൂലാക്കുന്നതാണ്. (ക്രമ നമ്പർ 6)

ഇ.) കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർസ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ ) റഗുലേഷൻ 2011 പ്രകാരം ലൈസൻസുകൾ എടുത്തിരിക്കണം. (ക്രമ നമ്പർ 12)

കുടിവെള്ള വിതരണം നിർവ്വഹണത്തിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച

ടെണ്ടർ നോട്ടീസ് പ്രകാരം 29.4.17 ന് 2 മണിക്ക് ഹാജരുള്ളവരുടെ സാന്നിധ്യത്തി ൽ തുറക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ തുറന്ന സമയത്ത് ഹാജരുണ്ടായിരുന്നവരുടെ വിവരം വ്യക്തമാക്കുന്ന ഒരു രേഖയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ലഭിച്ച ടെണ്ടറുകളിലെ നിരക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.മുഹമ്മദ് ഷിനാസ് ഇഖ്ബാലിന് കുടിവെള്ളം വിതരണം ചെയ്യുന്നതിന് സപ്ലൈ ഓർഡർ/ അനുമതി നൽകിയതായി രേഖകൾ ഒന്നും ലഭ്യമല്ല.

2.വരുമാന നികുതി ഈടാക്കിയിട്ടില്ല.

കരാറുകാരന് നൽകിയ 3,15,000/- രൂപയിൽ നിന്നും 1%നിരക്കിൽ 3150/- രൂപ വരുമാന നികുതി ഈടാക്കേണ്ടിയിരുന്നു. ആയത് ഈടാക്കിയിട്ടില്ല.

3. ഗ്രാമ പഞ്ചാത്തിന്റെ 4-5-2017 ലെ 2(2) നമ്പർ തീരുമാനം പ്രകാരം ശ്രീ.മുഹമ്മദ് ഷാനിസിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായും പഞ്ചായത്തിന്റെ തനത് ഫണ്ട് ദൈനം ദിന ആവശ്യങ്ങൾക്ക് പോലും തികയാത്ത സാഹചര്യത്തിൽ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മേഖലകളിൽ വെള്ളം വിതരണം ചെയ്യുന്നതിന് ടിയാളുടെ ഉടമസ്ഥതയിലുള്ള KL12G 1712, KL01AP 7928 എന്നീ നമ്പറുകളിലുള്ള ടാങ്കർ ലോറികളിൽ സൗജന്യമായി കുടിവെള്ളം നിറച്ചു നൽകുന്നതിന് കേരള വാട്ടർ അതോറിട്ടിയോട് രേഖാമൂലം അഭ്യർത്ഥിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 05-05-2017 ലെ എ3/4996/17 കത്തിൽ കേരള വാട്ടർ അതോറിട്ടിയുടെ മലപ്പുറം പ്രൊജക്ട് ഡിവിഷന്റെ കീഴിലുള്ള മലയിൽ ( കാടാമ്പുഴ) ടാങ്കിൽ നിന്നും ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് സൗജന്യമായി വെള്ളം നിറച്ചു നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് അഭ്യർത്ഥിച്ചു.എന്നാൽ ഇതിന് വാട്ടർ അതോറിട്ടിയുടെ ഭാഗത്ത് നിന്ന് എന്തെങ്കിലും പ്രതികരണം ഉണ്ടായതായി രേഖകൾ ഇല്ല. വെള്ളം വിതരണത്തിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തയാൾക്ക് വാട്ടർ അതോറിട്ടിയിൽ നിന്നും വെള്ളം ശേഖരിക്കുന്നതിന് നിർദ്ദേശം നൽകിയതായും കാണുന്നില്ല. മാത്രവുമല്ല വിതരണം ചെയ്തതായി പറയുന്ന വെള്ളം വാട്ടർ അതോറിട്ടി ടാങ്കിൽ നിന്നും നിറച്ചതായി വാട്ടർ അതോറിട്ടി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

4. വിതരണം ചെയ്യുന്ന വെള്ളം സംബന്ധിച്ച വിവരം അതേ ദിവസം വാർഡ് മെമ്പർ, എ.ഡി.എസ്സ് പ്രസിഡണ്ട് എന്നിവരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി അതാത് ദിവസം വൈകുന്നേരം അഞ്ച് മണിക്ക് മുമ്പായി ഗ്രാമപഞ്ചായത്തിൽ ഏൽപിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ വിവരങ്ങൾ ഹാജരാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തതായി

കാണുന്നില്ല.ബില്ലിനോടൊപ്പം ഹാജരാക്കിയ വാർഡ് മെമ്പറുടെ സാക്ഷ്യപത്രത്തിൽ ആകെ വിതരണം ചെയ്ത വെള്ളത്തിന്റെ അളവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

5. വിതരണം ചെയ്തതായി പറയുന്ന വെള്ളത്തിന്റെ ഗുണമേന്മ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ഒന്നും തന്നെ കരാറുകാരൻ ഹാജരാക്കിയിട്ടില്ല. ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല.

6. കുടിവെള്ള വിതരണം പൂർത്തിയാക്കി ബില്ലുകൾ ഹാജരാക്കുന്ന മുറക്ക് തുക കരാറുകാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുന്നതാണ് എന്നാണ് ടെണ്ടർ വ്യവസ്ഥയെങ്കിലും നിയമാനുസൃത നികുതികൾ വസൂലാക്കാതെ ചെക്ക് മുഖേന ( ചെക്ക് നമ്പർ ടി.എസ്.ബി. 4705962 തിയ്യതി 3-8-17) തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. വരുമാന നികുതി ഈടാക്കേണ്ടതും അപാകതകൾക്ക് വ്യക്തമായ വിശദീകരണം ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.
പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 23/30-10-18 അന്വേഷണക്കുറിപ്പിന് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (231/18) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 600000 | സമഗ്ര നെൽകൃഷി വികസനം | 600000 | 0 |
| | 100000 | പരിരക്ഷ ഹോംകെയർ | 0 | 100000 |
| | 217000 | ഓട നിർമ്മാണം അഭിവൃദ്ധിപ്പെടുത്തൽ (130/18) | 217000 | 0 |
| | 400000 | മാലിന്യ സംസ്ക്കരണം (133/18) | 397871 | 2129 |
| | 150000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (231/18) | 150000 | 0 |
| | 550000 | ഓട നിർമ്മാണം അഭിവൃദ്ധിപ്പെടുത്തൽ (49/18) | 550000 | 0 |
| | 650000 | അംഗനവാടി കെട്ടിട നിർമാണം പൂർത്തീകരണം | 0 | 650000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ | 47/ 20.3.2018 | 23812 | 23812 | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 55000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| ആകെ | 55000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 44 | 2004-05 | കളിസ്ഥലം- കൺവീനർക്ക് നൽകിയ അഡ്വാൻസ് | നടപടികൾ തുടരുന്നു |
| 1998-99 | 48 | 2004-05 | കുടിവെള്ള പദ്ധതികൾ നിക്ഷേപം | നടപടികൾ തുടരുന്നു |
| 2011-12<br>2012-13 | 3(3) | 2014-15 | മണൽ വാരൽ അവലോകനം | നടപടികൾ തുടരുന്നു |

## 4-8 ചാർജ്-സർചാർജ് നടപടികളുടെ വിവരം

| ക്രമനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ് / സർചാർജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1. | 1996-97 | 43,47,48 എ, ബി, 49 | പി.കുഞ്ഞി മുഹമ്മദ്, സെക്രട്ടറി | 14.12.2001 LF9737/Sp.Cell. SC3/2000 | 9583 | 0 | 9583 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 2. | 1998-99 | 30(1), 30(4) | കെ.കുഞ്ഞി മുഹമ്മദ്, സെക്രട്ടറി | 19.09.2008, 23.09.2008 | 6817 | 0 | 6817 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 3. | 2000-01 | 7-1 | തങ്ക സ്വാമി | LF2139/1, 391/ SPL. CELL SC5/ 2006 ,22.5.2009/ 28.5.2009 | 11731 | 0 | 11731 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 4. | 1996-97 | 53,58,63 | പി.കുഞ്ഞി മുഹമ്മദ്, സെക്രട്ടറി | LF973/spl.cell SC3/00 14.12.2001 | 16118 | 0 | 16118 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 5. | 1996-97 | 50,52,54,56-1, ,56-2, 57,59,60,61,62 | കെ ശ്രീധരൻ | LF9737/Sp.Cell. SC3/2000 14.12.2001 | 6783 | 0 | 6783 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 6. | 1998-99 | 35,36 | പി,ഗംഗാദാസ് | LF15317/spl.cell /sc5/05 , 19.9.2008, 23.09.2000 | 5549 | 0 | 5549 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 7. | 2000-01 | 18 | തങ്ക സ്വാമി | LF2139/1, 391/ SPL. CELL SC5/ 2006, 22.5.2009/ 28.5.2009 | 1028 | 0 | 1028 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 8. | 2008-09 | 3-3 | സി.വി. കൃഷ്ണകമാർ , സെക്രട്ടറി | LF2643/1,391/ SPL. CELL SD1/ 1231.10.2014 | 23723 | 0 | 23723 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 9. | 2008-09 | 3-3 | സി.വി. | LF2643/1, 391/ | 118945 | 0 | 118945 | തുടർനടപടി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | കൃഷ്ണകുമാർ , സെക്രട്ടറി | SPL. CELL SD1/12, 3.9.15 | | | | സ്വീകരിച്ചിട്ടില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 90569910 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89706790 |
| വരവിനങ്ങളിലുള്ള നഷ്ടം | 13032 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 401538 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4202192 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 13032 | - | അന്ത്രു.എം.എം,സെക്രട്ടറി |
| 3-1 | | 102861 | Rs.51431 ശ്രീമതി.ആശ.Y.V, അസിസ്റ്റന്റ് എഞ്ചിനീയർ, Rs. 51430 ശ്രീ. ടി.പി.സുബ്രമണ്യൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 13824 | Rs.6912 ശ്രീമതി.ആശ.Y.V, അസിസ്റ്റന്റ് എഞ്ചിനീയർ, Rs. 6912 ശ്രീ. ടി.പി.സുബ്രമണ്യൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | | 19101 | Rs. 9551 ശ്രീ.മധുസൂധനൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ Rs. 9550 ശ്രീ. ടി.പി.സുബ്രമണ്യൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-7 | | 39706 | Rs.19853 ശ്രീ.മധുസൂധനൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ Rs.19853 ശ്രീ. ശ്രീകുമാർ . അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-9 | | 8699 | Rs.4350 ശ്രീ.മധുസൂധനൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ Rs.4349 ശ്രീ. പ്രകാശ് ബാബു.എം . അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10 | | 211097 | Rs.20931 ശ്രീ. ശ്രീകുമാർ . അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ശ്രീ.മധുസൂധനൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ Rs.57300(20931+36369) Rs.36369 ശ്രീ. വാസു.ടി.പി . അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>Rs.48249 ശ്രീമതി. ആശ.വൈവി അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ,<br>Rs.48248 ശ്രീ. രാജൻ.M.V, എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD ിവിഷൻ ജില്ലാ പഞ്ചായത്ത് മലപ്പുറം |
| 3-20 | | 6250 | ശ്രീ.പുരുഷോത്തമൻ.ആർ.കൃഷി ഓഫീസർ |
| | | 401538 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 150000 | ശ്രീ.മധുസൂധനൻ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 800000 | ശ്രീമതി.ശോഭനകുമാരി,ഹെഡ്മിസ്ട്രസ് |
| 3-14 | 39800 | ശ്രീ.മുഹമ്മദ് ഷെരീഫ്.,സെക്രട്ടറി |
| 3-16 | 23812 | ശ്രീ.രാജ്കുമാർ,സെക്രട്ടറി |
| 3-18 | 50000 | Dr. നിഷ.കെ, മെഡിക്കൽ ഓഫീസർ (CHC) |
| 3-22 | 230000 | ശ്രീ.അന്ത്രു.എം.എം. |
| 3-23 | 12000 | ശ്രീ.ദേവലാൽ,അ.സെക്രട്ടറി(സെക്രട്ടറി ഇൻ-ചാർജ്ജ്) |
| 3-24 | 2531580 | ശ്രീ.ബാബുരാജൻ,പി.വി,സെക്രട്ടറി |
| 3-25 | 50000 | ശ്രീ.പുരുഷോത്തമൻ, കൃഷി ഓഫീസർ |
| 3-26 | 315000 | ശ്രീ.ബാബുരാജൻ,പി.വി,സെക്രട്ടറി |
| | 4202192 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ശ്രീ.ടി.പി.സുബ്രഹ്മണ്യൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർറിട്ടയേഡ്

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മധുസൂധനൻ,അസിസ്റ്റന്റ് എഞ്ചിനീയർ | തിരുവനന്തപുരം കോർപ്പറേഷൻ | വൈവിധ്യ<br>ടി.സി.33/68(1)<br>വട്ടിയൂർക്കാവ്.പി.ഒ.<br>തിരുവന്തപുരം<br>695013 |
| മുഹമ്മദ് ഷെരീഫ്.,സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം | സുബഹ്<br>വെള്ളാഞ്ചിറ<br>പനവൂർ.പി.ഒ<br>695568 |
| ശ്രീമതി.ശോഭനകുമാരി,ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്,ജി.എൽ.പി.എസ്.നോർത്ത്,കുറ്റിപ്പുറം | കാർത്തിക<br>വലിയകുന്ന് |

| | | |
|---|---|---|
| | | വളാഞ്ചേരി<br>676552 |
| രാജ്കുമാർ,സെക്രട്ടറി | സെക്രട്ടറി, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്, | ശ്രീമാധവം<br>ളുക്കകുളം<br>വടക്കൽ,ആലപ്പുഴ<br>688003 |
| അന്ത്രു.എം.എം. | സെക്രട്ടറി, പാമ്പാക്കുട ഗ്രാമപഞ്ചായത്ത്,എറണാംകുളം | മണലോടി<br>പുത്തൻപുര<br>പുതുപ്പടി.പി.ഒ.<br>മൂവ്വാറ്റുപുഴ |
| ദേവലാൽ,അ.സെക്രട്ടറി(സെക്രട്ടറി ഇൻ-ചാർജ്ജ് ) | അസിസ്ര്റന്റ് സെക്രട്ടറി, തിരുവണ്ടൂർ ഗ്രാമപഞ്ചായത്ത്,ആലപ്പുഴ | ലാൽ സദനം<br>ഏവൂർ നോർത്ത്<br>ചേപ്പാട്.പി.ഒ<br>ആലപ്പുഴ<br>690507 |
| ബാബുരാജൻ,പി.വി,സെക്രട്ടറി | സെക്രട്ടറി,ആലങ്കോട് ഗ്രാമപഞ്ചായത്ത് ,മലപ്പുരം | വടക്കേതിൽ<br>കാലടി<br>സബ്സ്റ്റേഷൻ.പി.ഒ.<br>കാവിൽപടി<br>മലപ്പുറം<br>679582 |
| ശ്രീ.പുരുഷോത്തമൻ.ആർ.കൃഷി ഓഫീസർ | റിട്ടയേഡ് | പുത്തൻവിള<br>ഹൌസ്,<br>ഏങ്ങണ്ടിയൂർ<br>തൃശ്ശൂർ<br>680615 |
| ശ്രീമതി ആശ .വൈ.വി, അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | SA Cottage, വെള്ളിമൺ വെസ്റ്റ്, കുണ്ടറസ കൊല്ലം |
| ശ്രീ.ശ്രീകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | വിരമിച്ചു | രോഹിണി. ARA-16, നവ നിർമ്മാൺ ഹയർ സെക്കന്ററി സ്കൂളിന് സമീപം, തൃക്കാക്കര (പി.ഒ), എറണാംകുളം – 2 |
| ശ്രീ.പ്രകാശ് ബാബു.എം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്. | കൃഷ്ണാഞ്ജലി ഹൌസ്, എടക്കാട്. (പി.ഒ),<br>കണ്ണൂർ. 670663 |
| ശ്രീ.ടി.പി.വാസു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്. | തണ്ടപറമ്പിൽ<br>ഹൗസ്,<br>പൊൽപാത്തറ<br>(പി.ഒ),<br>എടപ്പാൾ. 679576 |
| ശ്രീ.ടി.പി.സുബ്രമണ്യൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | റിട്ടയേഡ് | തെക്കേപുരക്കൽ<br>ഹൗസ്,കാരക്കാട്, |

| | | |
|---|---|---|
| എഞ്ചിനീയർ | | കവളപ്പാറ (PO), ഷൊർണ്ണൂർ -1, പാലക്കാട് |
| ശ്രീ. രാജൻ.M.V, എക്സിക്യൂട്ടീവ് എഞ്ചിനീയർ, (LSGD) ജില്ലാ പഞ്ചായത്ത്, മലപ്പുറം | ലഭ്യമല്ല | G1. ഗായത്രി അപ്പാർട്ട്മെന്റ്, ഈസ്റ്റ് ഫ്ലാറ്റ്, തൃശ്ശൂർ-5 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1968-69 | എൽ.എഫ്.എം 7/1461/94/ 27-9-94 | 1 |
| 1969-70 | എൽ.എഫ്.എം 7/1462/94/ 27-9-94 | 2 |
| 1970-71 | എൽ.എഫ്.എം 7/1463/94/ 27-9-94 | 1 |
| 1971-72 | എൽ.എഫ്.എം 7/1464/94/ 27-9-94 | 3 |
| 1979-80 | എൽ.എഫ്.എം 7/1465/94/ 27-09-94 | 4 |
| 1980-81 | എൽ.എഫ്.എം 7/1466/94/ 27-09-94 | 5 |
| 1981-82 | എൽ.എഫ്.എം 7/1467/94/ 27-09-94 | 12 |
| 1982-83 | എൽ . എഫ് എം 7/1830/28-09-94 | 11 |
| 1983-84 | എൽ . എഫ് എം 7/1831/28-09-94 | 9 |
| 1984-85 | എൽ . എഫ് എം 7/1832/28-09-94 | 14 |
| 1985-86 | എൽ . എഫ് എം 7/1833/28-09-94 | 12 |
| 1986-87 | എൽ . എഫ് എം 7/1834/28-09-94 | 29 |
| 1987-88<br>1988-89 | എൽ . എഫ് എം 7/1835/28-09-94 | 13 |
| 1989-90<br>1990-91 | എൽ . എഫ് എം 7/1307/94/<br>05-8-2004 | 17 |
| 1991-92 | എൽ . എഫ് എം 13/93/08-07-1993 | 14 |

| | | |
|---|---|---|
| 1992-93<br>1993-94<br>1994-95<br>1995-96 | എൽ . എഫ് എം 5/722/94/28-9-94 | 39 |
| 1996-97 | എൽ എഫ് എം 11/(13) 708/98/<br>29-03-2000 | 18 |
| 1999-00 | എൽ എഫ് എം 12/1477/03/15-5-04 | 33 |
| 2000-01 | എൽ എഫ് എം 12/1478/03/15-5-04 | 33 |
| 2001-02 | എൽ എഫ് എം 12/1479/03/17-5-04 | 10 |
| 2002-03<br>ചെലവ് | എൽ . എഫ് എം 9/1319/06/ 08.01.2007 | 24 |
| 2002-03<br>വരവ് | എൽ . എഫ് എം 9/2153/07/ 30.01.12 | 9 |
| 2003-04<br>ചെലവ് | എൽ . എഫ് എം 9/2154/07/ 30.01.12 | 7 |
| 2004-05<br>ചെലവ് | എൽ . എഫ് എം 7/1320/918/7/ 30.01.12 | 22 |
| 2004-05 | എൽ . എഫ് എം 9/2155/07/22.05.08 | 23 |
| 2005-06 | എൽ . എഫ് എം 9/779/10/28.07.10 | 7 |
| 2006-07 | എൽ . എഫ് എം 9/780/10/31.01.12 | 10 |
| 2007-08 | എൽ . എഫ് എം 7/13/1224/2012/2012/16-7-12 | 22 |
| 2008-09 | എൽ . എഫ് എം 13/1225/2012/24-7-12 | 27 |
| 2009-10 | എൽ.എഫ്.എം.13/2441/12/22-1-18 | 18 |
| 2010-11 | എൽ.എഫ്.എം13/1767/2013/24-03-14 | 17 |

| | | |
|---|---|---|
| 2011-12<br>2012-13 | എൽ . എഫ് എം 13/2042/2014<br>04.11.18 | 25 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.13/1404/16/28.6.17 | 37 |
| 2015-16 | കെ.എസ്.എ.എം.പി.എം.13/3276/16/18.4.18 | 30 |
| 2016-17 | കെ.എസ്.എ.എം.പി.എം.13/2002/2017 / 18.7.2018 | 24 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.എം.പി.എം.13/1562/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി : 09.08.2018

### സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ

പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
മലപ്പുറം.